# സമർപ്പണത്തിന്റെ രാജപാതയിലേക്ക്

## (ഒരു പാശ്ചാത്യൻ സംഗീതജ്ഞയുടെ ഇസ്‌ലാം ആശ്ലേഷം)

നാഇമ ബി. റോബർട്ട്

**എന്റെ പാത**

ഇംഗ്ലണ്ടിനു കിഴക്ക് ലീഡ്സിലായിരുന്നു എന്റെ ജനനം. വീതികുറഞ്ഞ വഴിയോരത്ത് നിരന്നുനിന്നിരുന്ന ഒറ്റനില കെട്ടിടങ്ങളിലൊന്നാണ് എന്റെ രക്ഷിതാക്കൾ വാങ്ങിയിരുന്നത്. മൂന്നുവർഷത്തിനു ശേഷം എത്യോപ്യയിലേക്കും, എന്റെ ആറാം വയസ്സിൽ സിംബാബ്‌വെയിലേക്കും ഞങ്ങൾ താമസം മാറ്റി. ഇതിനകം എനിക്കൊരു സഹോദരനെയും തടിച്ചു കൊഴുത്തൊരു കൊച്ചനുജത്തിയെയും ലഭിച്ചു. എനിക്കവളോടുള്ള സ്നേഹം അദമ്യമായിരുന്നു. 'ഹറാറെയിലെ' ജനനിബിഡമല്ലാത്ത പ്രാന്ത പ്രദേശത്ത് മനോഹരമായ ഒരു വീട്ടിലാണ് ഞങ്ങൾ താമസിച്ചത്. രണ്ടേക്കർ വരുന്ന സ്ഥലത്ത് ഒരു നീന്തൽക്കുളവും പൂന്തോട്ടവും പച്ചക്കറിത്തോട്ടവും വാഴത്തോപ്പുമെല്ലാം ഉണ്ടായിരുന്നു. എനിക്കറിയാവുന്ന ഇതര മധ്യവർഗ സിംബാബ്‌വിയൻ യുവതികളെ പോലെയാണ് എന്റെ ജീവിതത്തിന്റെ ആദ്യ 18 വർഷങ്ങൾ കടന്നുപോയത്.

ഒരു ഗേൾസ് സ്കൂളിലായിരുന്നു ഞാൻ ചേർന്നത്. പത്താംതരത്തിലെത്തിയതോടെ ക്രിക്കറ്റ് കോട്ടും പകിട്ടാർന്ന വസ്ത്രങ്ങളും ധരിച്ചായിരുന്നു സ്കൂൾ യാത്ര. ഞങ്ങളുടെ സ്കോട്ടിഷ്, സുലു പൈതൃകവും ദക്ഷിണാഫ്രിക്കൻ സംസ്കാരവും ബോധ്യപ്പെടുത്തുന്നതിനും ഞങ്ങളിൽ വ്യക്തിത്വബോധമുളവാക്കുന്നതിനും അച്ഛനും അമ്മയും കഴിവിലേറെ പരിശ്രമിച്ചിരുന്നു. അവർ ഞങ്ങളെ തീർത്തും 'കൊളോണിയൽ' സംസ്കാരത്തിൻേറതായ സ്വകാര്യ സ്കൂളുകളിലേക്ക് അയച്ചതേയില്ല. ഞങ്ങൾ പരമ്പരാഗത സിംബാബിയൻ നൃത്തങ്ങൾ പഠിക്കുകയും വർണവിവേചനവിരുദ്ധ ഗാനങ്ങൾ പാടിക്കൊണ്ട് സ്കൂളിലേക്ക് പോകുകയും ചെയ്തിരുന്നു. ചെറുപ്പത്തിലേ തികച്ചും രാഷ്ട്രീയാവബോധമുള്ളവരായിരുന്നിട്ടും വളരുംതോറും ദൃശ്യമാധ്യ മങ്ങളിലെ നേതാക്കളെ അനുകരിക്കാനുള്ള ഞങ്ങളുടെ പ്രവണത മാതാപിതാക്കളുടെ ഉന്നത താത്പര്യങ്ങളെ മിക്കവാറും മറികടന്നു.

സന്തുഷ്ടമായ സ്കൂൾ ജീവിതമായിരുന്നു എന്റേത്. പഠനത്തിലും ചിത്ര രചനയിലും പ്രസംഗത്തിലും നാടകത്തിലും വർഷംതോറും ഞാൻ സമ്മാനങ്ങൾ വാരിക്കൂട്ടി. ഞാൻ പുറത്തുപോകുന്നവളും ആത്മവിശ്വാസമുള്ളവളുമായിരുന്നു. പുത്തനാശയങ്ങളുള്ള ഊർജസ്വലയായിരുന്നു. നിരന്തരം വിപുലമായ പുതുസംരംഭങ്ങളിൽ പ്രവർത്തനനിരതയായിരുന്നു. കുറ്റമറ്റ ഒരു വിദ്യാർഥി വ്യക്തിത്വത്തിന്റെ ഉടമയായിരിക്കെത്തന്നെ എന്റെ ഇതര സ്നേഹിതരെപ്പോലെ ഞാനൊരു 'പാർട്ടീഗേൾ' കൂടിയായി. നല്ല വിജയം നേടുന്ന വിദ്യാർഥികളും അതോടൊപ്പം 'ഹറാറെ' വിനോദ വേദികളിലെ സ്ഥിരം അഭിനേതാക്കളുമായിക്കൊണ്ട് ഒരു ദ്വിമുഖ ജീവിത

മായിരുന്നു ഞങ്ങളെല്ലാം നയിച്ചിരുന്നത്. അഭിനയ മാതൃകകളായി ഞങ്ങൾ തിരഞ്ഞെടുത്തത് പ്രതിഭാധനരായ എഴുത്തുകാരെയോ, സ്ത്രീപക്ഷ ചിന്തകരെയോ ആയിരുന്നില്ലെങ്കിലും 'കോസ്മോപോളിറ്റൻ' പോലെയുള്ള ഫെമിനിസ്റ്റ് മാസികകളുടെ വരിക്കാരായിരുന്നു ഞങ്ങൾ. സിംബാബ്‌വെ വിമോചന പോരാളികളിലെ നായികാവേഷം ഞങ്ങൾ തിരഞ്ഞെടുത്തതുമില്ല. എന്നാൽ പ്രശസ്ത അമേരിക്കൻ നാടക- നൃത്ത സംഘങ്ങളിലെ നായികകളും ഗായകരും നർത്തകികളുമായിരുന്നു ഞങ്ങളുടെ 'മോഡലു'കൾ. ഞങ്ങളുടെ ധാർമിക നായകത്വം അവർക്കായിരുന്നു. ഇവരുടെ പരിപാടികൾ കേട്ടവർക്കറിയാം അവരിലുള്ള ധാർമിക മൂല്യം!

പാവം ഹറാറെക്കാരുടെ ലൈംഗികാസക്തിയും സാമൂഹ്യ പരികല്പനകളും വാസ്തവത്തിൽ പാശ്ചാത്യ സംസ്കാരത്തിന്റെ ഇറക്കുമതിയായിരുന്നു. പല ദേശങ്ങളിലെയും യുവാക്കളെപ്പോലെ ഞങ്ങളും അശ്രദ്ധരും നിർവ്യാകുലരുമായിരുന്നു. ഈ അശ്രദ്ധമായ ജീവിതം പലപ്പോഴും അപകടങ്ങളെ ക്ഷണിച്ചുവരുത്തി. നിങ്ങൾക്ക് എണ്ണിപ്പറയാവുന്ന – മദ്യ പാനം, മദ്യപിച്ച് വാഹനമോടിക്കൽ, രാത്രി കാലങ്ങളിൽ അന്യയുവാക്കളുമൊത്ത് യാത്ര ചെയ്യൽ, ലൈംഗികജന്യ രോഗങ്ങൾ, എച്ച്. ഐ. വി, പ്രായമെത്താതെയുള്ള ഗർഭധാരണം, ഗർഭഛിദ്രം, മയക്കുമരുന്നുപയോഗം... അങ്ങനെ പലതും. എന്നാൽ കൗമാര പ്രായത്തിൽ തന്നെ ഇതിൽ നിന്നെല്ലാം ഒരു പോറൽ പോലുമേൽക്കാതെ ഞാൻ രക്ഷപ്പെട്ടു. അതും പഠനത്തിൽ ഉയർന്ന ലെവലുകൾ നേടിക്കൊണ്ട്! എന്റെ കൂട്ടുകാരിൽ എല്ലാവരും ഈ ഭാഗ്യം സിദ്ധിച്ചവരായിരുന്നില്ല.

ഭൂരിപക്ഷം സിംബാബ്‌വെക്കാരിൽ നിന്നും വ്യത്യസ്തമായി ഒരു മതമുക്ത കുടുംബത്തിലാണ് ഞാൻ വളർന്നത്. ആകർഷണീയമായ 'സുലു' സൗന്ദര്യത്തിനുടമയായിരുന്ന അമ്മ വളർന്നത് ഒരു ക്രിസ്ത്യാനിയായിട്ടായിരുന്നു. സുന്ദരിപ്പട്ടവും 'ബാൾ' നൃത്ത മത്സര വിജയവും കരസ്ഥമാക്കി ജോഹന്നാസ്ബർഗിന്റെ പകിട്ടാർന്ന നഗരജീവിതം നയിച്ചിരുന്ന ഒരു നേഴ്സായിരുന്നു അവർ. പാരമ്പര്യങ്ങളെ (വർണവിവേചന നിയമങ്ങളെ) മറികടന്ന് ഒരു വെളുത്ത, ദക്ഷിണാഫ്രിക്കക്കാരനായ എന്റെ പിതാവുമായി അവർ പ്രണയത്തിലായി. അധീശത്തചിന്തയും അവകാശബോധവും നൽകി വെളുത്തവർ മാത്രമുള്ള സ്കൂളിലേക്കായി വളർത്തപ്പെട്ട അദ്ദേഹം പക്ഷേ, വർണവിവേചന വർഗീയ തത്ത്വങ്ങളെ പാടെ തിരസ്കരിച്ചു. മാത്രമല്ല സാധാരണക്കാരുടെ പൊതുവേദികളെ ആശ്ലേഷിച്ചുകൊണ്ട് വർണവിവേചന വിരുദ്ധ സംഘത്തിൽ അംഗമായി. ഈ രംഗത്തെ ഏക വെളുത്ത ആഫ്രിക്കക്കാരൻ അദ്ദേഹമായി. അർപ്പണബോധമുള്ള മാർക്സിസ്റ്റും അതുകൊണ്ടു തന്നെ ഒരു നിരീശ്വരവാദിയുമായിരുന്നു എന്റെ അച്ഛൻ. കുട്ടികളായ ഞങ്ങൾ ബൈബിൾ മുഴുവൻ കെട്ടുകഥകൾ മാത്രമാണെന്ന അദ്ദേഹത്തിന്റെ അധ്യാപനം അതേപടി വിശ്വസിച്ചു. മറ്റു കുട്ടികളോടൊപ്പം ദൈവ പ്രാർഥന എന്ന പേരിൽ സ്തുതി കീർത്തനങ്ങൾ പാടിയിരുന്നുവെങ്കിലും എന്നെ സംബന്ധിച്ചിടത്തോളം അവയെല്ലാം തീർത്തും നിരർഥകമായിരുന്നു.

സിംബാബ്‌വെ വിടണമെന്ന എന്റെ തീരുമാനത്തിന്റെ ഭാഗമായി ഹൈ സ്കൂൾ വർഷാവസാനം ലണ്ടനിലെ ഒരുസർവകലാശാലയിൽ അപേക്ഷ നൽകി. ഹറാറെയിലെ പട്ടണ ജീവിതവും നിശാക്ലബ്ബുമെല്ലാം ഈ ഭൂമുഖത്തെ ഏറ്റവും മുന്തിയതാണെന്ന ചിന്തയുടെ കെണിയിലകപ്പെടാൻ ഞാൻ ഒരുക്കമായിരുന്നില്ല. ലണ്ടനിലെ സർവകലാശാലകളിലൊന്ന് എന്റെ അപേക്ഷ അംഗീകരിച്ചു. അവിടെ എത്താനുള്ള പണം സ്വരൂപിക്കുക മാത്രമായിരുന്നു ഞാൻ ചെയ്യേണ്ടിയിരുന്നത്. എട്ടു മാസത്തോളം വിനോദ സഞ്ചാര മേഖലയിൽ ജോലിയെടുക്കുകയും പേരെടുത്ത ഒരു ഗായക സംഘത്തിൽ പാടുകയും ചെയ്തുകൊണ്ട് ടിക്കറ്റിനും ഏതാനും മാസത്തെ ചെലവിനുമുള്ള പണം സ്വരൂപിച്ചു. അങ്ങനെ ഫ്രഞ്ച് ഭാഷയും പൊളിറ്റിക്സും വ്യവസായ പഠനവും നടത്താൻ ഞാൻ ഹറാറെ വിട്ടു.

ഇവിടെ വെച്ചായിരുന്നു ഇഴചേർന്ന സൗഹൃദവും, സ്ത്രീസൗഹൃദത്തിന്റെ ശരിയായ അർഥവുമെന്തെന്ന് ഞാൻ ആദ്യമായി അറിഞ്ഞത്. ഉണ്ടതും ഉറങ്ങിയതും വായിച്ചതും ഉല്ലസിച്ചതും എല്ലാം ഒന്നിച്ചായിരുന്നു. രാസവസ്തുക്കളെ പാടെ അവഗണിച്ച് പ്രകൃതിദത്തമായി ഞങ്ങൾ ആഫ്രിക്കൻ രീതിയിൽ മുടി മുടഞ്ഞു വെച്ചു. കറുത്തവരുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. (ഈ ചിന്തകളിൽ സമരോത്സുകത ഏറിയേറി വന്നു). ലോകവും ഞങ്ങളുടെ കുടുംബവും ചർച്ചയുടെ ഭാഗമായി. എന്റെ ബാഹ്യ സുഹൃദ് വലയത്തിൽ വിദ്യാസമ്പന്നരും ധൈര്യവതികളും അത്യാഹ്ലാദത്തിൽ കഴിയുന്നവരുമായ നീഗ്രൊ സുന്ദരികൾ ഉൾപ്പെട്ടിരുന്നു.

കലാലയ ജീവിതത്തിലെ ആദ്യ വേനലവധിക്കായിരുന്നു എന്റെ ജീവിതത്തെ പാടെ മാറ്റിമറിച്ച ആ യാത്രയുണ്ടായത്. ഈജിപ്തിലെ ഒരു സംഗീതോത്സവത്തിൽ സിംബാബ്‌വെയെ പ്രതിനിധീകരിച്ചുകൊണ്ട് പങ്കെടുക്കാനുള്ള നിഷ്കളങ്കമായ ക്ഷണമായിരുന്നു അതിന് നിദാനമായത്. 'ഉംബിറ' വായിക്കുകയും പാടുകയും ചെയ്തിരുന്ന, സംഗീതം തൊഴിലാക്കിയ എന്റെ ഒരു സുഹൃത്തും എന്നോടൊപ്പമുണ്ടായിരുന്നു. പ്രഗത്ഭയായ ഒരു സംഗീതജ്ഞയായിരുന്നില്ലെങ്കിലും എനിക്ക് നന്നായി പാടാനും സിംബാബ്‌വെ നൃത്തമാടാനും 'എൻഗോമ' മുട്ടാനും അറിയുമായിരുന്നു.

ഉഷ്ണമേറിയ ഈജിപ്ത് സൂര്യപ്രകാശത്തിന്റെയും മൺകൂനകളുടെയും ഛായയിൽ ശബ്ദമുഖരിതമായിരുന്നു. എല്ലാ വിനോദ സഞ്ചാരികളെയും പോലെ ഞങ്ങളും പിരമിഡുകളും മ്യൂസിയവും കച്ചവട കേന്ദ്രങ്ങളും സന്ദർശിച്ചു. എവിടെയും കാണപ്പെട്ട തലമറച്ച, ഹിജാബ് ധരിച്ച സ്ത്രീകൾ എന്റെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചു. തുറന്നുപറഞ്ഞാൽ എന്നിലത് വല്ലാത്ത നടുക്കമുളവാക്കി. എന്നിൽ നാമ്പെടുത്തിരുന്ന സ്ത്രീപക്ഷ ചിന്താമുകുളങ്ങൾ സ്ത്രീ അടിമുടി മൂടിപ്പുതച്ച് നടക്കണം എന്ന ആശയത്തിനെതിരിൽ തീർത്തും പ്രക്ഷുബ്ധമായി. പീഡിപ്പിക്കപ്പെടുന്ന സ്ത്രീത്വത്തിന്റെയും

> **സിംബാബ്‌വെ വിമോചന പോരാളികളിലെ നായികാവേഷം ഞങ്ങൾ തിരഞ്ഞെടുത്തതുമില്ല. എന്നാൽ പ്രശസ്ത അമേരിക്കൻ നാടക – നൃത്ത സംഘങ്ങളിലെ നായികകളും ഗായകരും നർത്തകികളുമായിരുന്നു ഞങ്ങളുടെ 'മോഡലു'കൾ. ഞങ്ങളുടെ ധാർമിക നായകത്വം അവർക്കായിരുന്നു. ഇവരുടെ പരിപാടികൾ കേട്ടവർക്കറിയാം അവരിലുള്ള ധാർമിക മൂല്യം!**

**എവിടെയും കാണപ്പെട്ട തലമറച്ച, ഹിജാബ് ധരിച്ച സ്ത്രീകൾ എന്റെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചു. തുറന്നുപറഞ്ഞാൽ എന്നിലത് വല്ലാത്ത നടുക്കമുളവാക്കി. എന്നിൽ നാമ്പെടുത്തിരുന്ന സ്ത്രീപക്ഷ ചിന്താമുകുളങ്ങൾ സ്ത്രീ അടിമുടി മൂടിപ്പുതച്ച് നടക്കണം എന്ന ആശയത്തിനെതിരിൽ തീർത്തും പ്രക്ഷുബ്ധമായി. പീഡിപ്പിക്കപ്പെടുന്ന സ്ത്രീത്വത്തിന്റെയും പുരുഷാധിപത്യത്തിന്റെയും ഒരു ചിഹ്നമായിട്ടാണ് ഞാനത് കണ്ടത്.**

പുരുഷാധിപത്യത്തിന്റെയും ഒരുചിഹ്നമായിട്ടാണ് ഞാനത് കണ്ടത്. സർവോപരി ഇതവർക്ക് ഒട്ടേറെ വൈരൂപ്യം നൽകുന്നതായി ഞാൻ കരുതി. സ്വാഭാവികമായും, അപരിചിതമായ കാഴ്ചകൾ ഞങ്ങളുടെ അനുഭവങ്ങളുടെയും അറിവിന്റെയും അടിസ്ഥാനത്തിലാണ് വിലയിരുത്തപ്പെട്ടിരുന്നത്. ഞങ്ങളുടെ ധാരണകളുടെ അതിർവരമ്പുകൾ മറി കടന്ന് മറ്റുള്ളവരുടെ ചര്യകളെ അവരുടെ ദൃഷ്ടികളിലൂടെ കാണുകയെന്നത് വിരളമായി മാത്രമെ സംഭവിക്കാറുള്ളൂ. എന്നാൽ എനിക്കുൾക്കൊള്ളാൻ കഴിയാത്തവയെക്കുറിച്ച് ചോദിച്ചറിയാൻ എന്തുകൊണ്ടോ ഈ യാത്രയിൽ ഞാൻ ധൈര്യപ്പെട്ടു.

ഒരു വൈകുന്നേരം, പട്ടണത്തിന് പുറത്തുള്ള ഒരു ഗ്രാമത്തിൽ ഞങ്ങൾ ഗാനമേള നടത്തുകയായിരുന്നു. ഞങ്ങളുടെ ഊഴം കഴിഞ്ഞപ്പോൾ ഒരു യുവതി എന്റെ ശ്രദ്ധയിൽ പെട്ടു. ഇളം മഞ്ഞ നിറത്തിലുള്ള 'ഹിജാബ്' ധരിച്ച അവർ സംഘാടകന്റെ ഭാര്യയായിരുന്നു. അവരുടെ ശിരോവസ്ത്രം കഴുത്തിലൂടെ മാറിലേക്ക് വീണു കിടന്നിരുന്നു. സുന്ദരമായ ആ മുഖം തിളക്കമാർന്നതായി എനിക്ക് തോന്നി. എങ്ങനെയൊ, ഹിജാബ് ആ തിളക്കത്തിന് കൂടുതൽ പൊലിമ നൽകി. അത്യാകർഷകമായ ആ കാഴ്ച അവരുമായി സംസാരിക്കാൻ എന്നെ പിടിച്ചുനിർത്തി. പരസ്പര നർമഭാഷിതങ്ങൾക്ക് ശേഷം, കൈറോയിൽ ഞാനിറങ്ങിയ അന്നുമുതൽ എന്റെ മനോമുകുരത്തിൽ കത്തിനിന്നിരുന്ന ആ ചോദ്യം ഞാനവരോട് ചോദിച്ചു.

"എന്തിനാണ് നിങ്ങളിങ്ങനെ മൂടിപ്പുതച്ച് നടക്കുന്നത്; ഇത്രയും സുന്ദരിയായിരിക്കെ?"

ലളിതവും സുന്ദരവുമായ അവരുടെ മറുപടി ഇന്നും എന്നിൽ തറച്ചു നിൽക്കുന്നു:

"എന്തുകൊണ്ടെന്നാൽ, കാഴ്ചയിൽ ഞാനെങ്ങനെയിരിക്കുന്നു എന്നതിലൂടെയല്ല, മറിച്ച് ഞാൻ എന്ത് പറയുന്നു, എന്ത് പ്രവർത്തിക്കുന്നു എന്നതിലൂടെ വിലയിരുത്തപ്പെടാനാണ് ഞാൻ ആഗ്രഹിക്കുന്നത്".

ഓർമവെച്ച നാൾമുതൽ എന്റെ ലാവണ്യത്തെക്കുറിച്ച് ഞാൻ അതീവ ശ്രദ്ധാലുവായിരുന്നു. അത്ര സുന്ദരിയായതുകൊണ്ടല്ല, ആളുകൾ എന്നോട് പെരുമാറിയ രീതി അങ്ങനെയായിരുന്നു. കൗമാരത്തിൽ തന്നെ നോട്ടവും ഭാവവും കൊണ്ട് പുരുഷന്മാരെ 'ഒതുക്കുന്നതിൽ' ഞാനും കൂട്ടുകാരികളും സംതൃപ്തരായിരുന്നു. ഓരോ സ്ത്രീയും ഈ മേഖലയിലെ മുറകളിൽ പാടവമുള്ളവരാണ്. ജോലിക്കായി ഒരു ഇന്റർവ്യൂവിന് പോകുമ്പോൾ ഭംഗിയായി അണിഞ്ഞൊരുങ്ങുക, അഭിമുഖം നടത്തുന്നത് പുരുഷനാണെങ്കിൽ അൽപം 'കാല്' കാണിക്കുക, അയാളുടെ തമാശകളിൽ ചിരിക്കുക, ഭക്ഷണത്തിന് ക്ഷണിക്കുമാറ് ചുണ്ടുകൾ വക്രീകരിക്കുക, അങ്ങനെ പലതും. ഇത്തരം അടവുകൾ പഠിച്ചാണ് സ്ത്രീകളിലധികവും വളർന്നത്. ബോധപൂർവവും അല്ലാതെയും അവരത് പ്രയോഗവത്കരിക്കാറുമുണ്ട്.

ബാഹ്യരൂപത്താൽ വിലയിരുത്തപ്പെടാൻ താൽപര്യപ്പെടുന്നില്ല എന്ന, ആ ആകർഷകയായ യുവതിയുടെ വാക്കുകൾ എന്നെ രാത്രി മുഴുക്കെ ചിന്തിപ്പിച്ചു. എന്തായിരിക്കാം അവരർഥമാക്കിയത്? സൗന്ദര്യത്തെ വിജയ സമവാക്യത്തിൽ നിന്നും ഒഴിവാക്കുകയോ? എനിക്കവരോട് വലിയ ബഹുമാനം തോന്നി. ഒരു സ്ത്രീക്ക് അവൾ പുരുഷനാൽ ആകർഷിക്കപ്പെടേണ്ടതില്ല എന്ന് പ്രഖ്യാപിക്കാനുള്ള ശക്തി പകർന്നുനൽകാൻ എന്താണ് ഇസ്‌ലാമിലുള്ളത്? ഞാൻ ചിന്തിച്ചു. ആകർഷകത്വം ആസ്വാദ്യകരമാവാൻ പുരുഷന്റെ പ്രശംസനീയമായ നോട്ടങ്ങൾ തീർത്തും അനിവാര്യമല്ലെന്നോ? ലോകത്ത് മറ്റുള്ളവരെല്ലാം ചെയ്യുന്നതുപോലെ സ്ത്രീ ഒട്ടും സ്വയം പ്രദർശകയാകേണ്ടതില്ലെന്നോ? ഈ ചോദ്യങ്ങൾ എന്നെ വല്ലാത്ത പ്രതിസന്ധിയിലാഴ്ത്തി. ഞാൻ എന്റെ ജീവിതത്തെ വിലയിരുത്താൻ തുടങ്ങി; എന്റെ പ്രതിച്ഛായയെക്കുറിച്ച്, ഞാനാഗ്രഹിച്ചിരുന്ന വളർച്ചയെ-പുരോഗതിയെക്കുറിച്ച്. സ്വന്തം ധിഷണയും സൽസ്വഭാവവും ഉപയോഗപ്പെടുത്തി ജീവിച്ചു പോകാനുള്ള ധൈര്യവും ആത്മവിശ്വാസവും ആത്മാഭിമാനവും ഉള്ളവളാണോ എന്ന് ഞാൻ സ്വയം ചോദിച്ചു.

1998ലെ വേനലിൽ ഈജിപ്തിലേക്കുള്ള നിർണായകമായ ആ യാത്രയോടെ ഞാൻ ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ തുടങ്ങി; മാറ്റത്തിന്റെ രഥം ചലിക്കുവാനും. സുന്ദരിയായ ആ സ്ത്രീയുടെ സുശക്തമായ വ്യക്തിത്വം എന്നിൽ വ്യക്തിമുദ്ര പതിപ്പിക്കുകയും എന്റെ കണ്ണ് തുറപ്പിക്കുകയും ചെയ്തു. അതോടെ എനിക്ക് ചുറ്റും – പള്ളികളിലും തെരുവുകളിലും എല്ലായിടത്തും – ആരാധനകൾ നടക്കുന്നത് എനിക്ക് വ്യക്തമായി. പെട്ടെന്നു തന്നെ അറബിയിൽ ഉച്ചരിക്കപ്പെട്ടിരുന്ന ഭക്തിനിർഭരമായ വാക്കുകൾ ഞാൻ തിരിച്ചറിയാൻ തുടങ്ങി-ബിസ്മില്ലാഹ് (അല്ലാഹുവിന്റെ നാമത്തിൽ), അൽഹംദുലില്ലാഹ് (സർവ സ്തുതിയും അല്ലാഹുവിന്നാണ്), ഇൻശാ അല്ലാഹ് (അല്ലാഹു ഉദ്ദേശിച്ചാൽ), മാശാ അല്ലാഹ് (അല്ലാഹുവിന്റെ വിധി പോലെ).

ഇതുവരെ ചികഞ്ഞുനോക്കാൻ മിനക്കെടാതെ പോയ എന്നിലെ ആത്മീയതലത്തെ തിരിച്ചറിഞ്ഞപ്പോൾ ഞാൻ തീർത്തും അത്ഭുതസ്തബ്ധയായി. ലോകോത്തര മതങ്ങളിലൊന്നിനെക്കുറിച്ച് ഞാന ജ്ഞയായിരുന്നു എന്നത് എന്നെ ഏറെ വ്യാകുലയാക്കി. ക്രൈസ്തവത എനിക്ക് വേണ്ടുവോളം ലഭിച്ചിരുന്നു. വിദ്യാലയത്തിലെ മതോദ്ബോധന പാഠങ്ങൾ എന്നെ നിർവികാരയാക്കുമായിരുന്നു. ബൈബിൾ പ്രഭാഷണ പ്രഘോഷണങ്ങളോടൊപ്പം അധിനിവേശ സൈന്യത്തിന്റെ വെടിയൊച്ചകളും എന്റെ ബോധമണ്ഡലത്തിൽ മായാചിത്രമായി കൊത്തിവെക്കപ്പെട്ടിരുന്നു. ആഫ്രിക്കയിലേക്ക് ഇറക്കുമതി ചെയ്യപ്പെട്ട സാമ്രാജ്യത്വത്തിന്റെയും ക്രൈസ്തവതയുടെയും സംസ്കാര ഭാണ്ഡങ്ങളോടുള്ള വിടപറയൽ എനിക്ക് പ്രയാസകരമായി തോന്നി.

വർണ വിവേചന പ്രദേശമായ ദക്ഷിണാഫ്രിക്കയുടെയും പ്രശ്ന കലുഷിതമായ മൊസാംബിക്, അംഗോള, നമീബിയ

എന്നിവയുടെയുമെല്ലാം അതിർത്തി പ്രദേശവും യുദ്ധത്തിൽ ഒന്നാം നിരയിൽ നിൽക്കുന്നതുമായ സിംബാബ്‌വെയിൽ വളർന്നതിനാൽ ഞങ്ങളുടെ നാടിനെ മുച്ചൂടും കട്ടുമുടിക്കുന്നതിനുള്ള ഒരു പുകമറയായി ക്രൈസ്തവതയെ എപ്രകാരമാണ് ഉപയോഗപ്പെടുത്തിയത് എന്ന് ഞങ്ങൾക്ക് നന്നായറിയാവുന്നതാണ്. എന്നിട്ടും ദക്ഷിണാഫ്രിക്കക്കാരെ അന്നും ഇന്നും ക്രൈസ്തവ വിശ്വാസാചാരങ്ങളിൽ നിന്നും ഒട്ടും വ്യതിചലിപ്പിച്ചില്ല എന്നത് എന്നെ അസ്വസ്ഥയാക്കിയിരുന്നു. കലാലയ ജീവിതത്തിനിടയിലെ കറുത്തവരെക്കുറിച്ചുള്ള ചിന്തകളിൽ നിന്നും ക്രിസ്ത്യാനിയാവുക എന്നത് സ്വയം വിൽക്കപ്പെടലാണെന്ന തിരിച്ചറിവുണ്ടായപ്പോൾ ഈ അസ്വസ്ഥത വർധിച്ചുവന്നു. എന്നാൽ ഇസ്‌ലാം? എന്നെ സംബന്ധിച്ചിടത്തോളം ഇസ്‌ലാം ഒട്ടും ചരിത്ര പശ്ചാത്തലമില്ലാത്തതും തീർത്തും പുതിയതുമായിരുന്നു. ആ വിശ്വാസത്തെക്കുറിച്ചുള്ള വിവിധ ചോദ്യങ്ങൾ എന്നിലുയർന്നു. മുസ്‌ലിംകൾ എന്തിലാണ് വിശ്വസിക്കുന്നത്? എന്തെല്ലാമാണ് പ്രവർത്തിക്കുന്നത്? എന്തെല്ലാമാണവരുടെ വിധിവിലക്കുകൾ? ലണ്ടനിലേക്കുള്ള എന്റെ മടക്കയാത്രയിൽ ഖുർആൻ വായിക്കാൻ ഞാൻ നിശ്ചയിച്ചു. ഒപ്പം ബൈബിളും. അങ്ങനെ ക്രൈസ്തവതക്കുനേരെ ഒന്നുകൂടി നിറയൊഴിക്കണമെന്നെനിക്ക് തോന്നി.

ചഞ്ചലതയോടെയാണ് ഞാൻ ഈജിപ്ത് വിട്ടത്. ഇസ്‌ലാമിക വിശ്വാസവുമായുള്ള സമാഗമം എന്റെ ഉള്ളിൽതട്ടിയിരുന്നു. എന്നെ ഇത്രയും സ്പർശിച്ചതെന്തെന്ന് വേർതിരിക്കുക പ്രയാസകരമാണ്. അതെന്തായിരുന്നാലും ഭാവിയെക്കുറിച്ച് ഏറെക്കാലമായി ഞാൻ വച്ചുപുലർത്തിയിരുന്ന ധാരണകൾക്കും പ്രത്യാശകൾക്കും നേരെയുള്ള ചോദ്യശരങ്ങളായി. എന്റെ ജീവിതോദ്ദേശ്യം എന്തായിരുന്നു? എന്റെ പഠനം വിജയകരമാകുമോ? 9 മുതൽ 9 വരെ ജോലിചെയ്യുമാറ് ഉന്നത പദവിയിലുള്ള ഉദ്യോഗം എനിക്ക് ലഭിക്കുമോ? എന്റെ വേതനം വർഷംതോറുമുള്ള സിംബാബ്‌വെ സന്ദർശനത്തിനും വസ്ത്രങ്ങൾക്കും വീട്ടുപകരണങ്ങൾക്കും മറ്റുമായി ചെലവഴിക്കുമോ? ആഭിജാത്യമുള്ള ഒരാളെ വിവാഹം കഴിച്ച് ഒരു തോട്ടക്കാരനും പാചകക്കാരനും ഭൃത്യയുമൊത്ത് ദരിദ്ര- സാധാരണ ജനസമൂഹത്തിൽ നിന്നും മാറി ഒരു ഗ്രാമാന്തരീക്ഷത്തിൽ കഴിയേണ്ടി വരുമോ? കുട്ടികൾക്കായി മുപ്പതു വയസ്സുവരെ കാത്തിരിക്കണമോ? അവരെ കോളനി സംസ്കാരത്തിന്റേതായ സ്വകാര്യ വിദ്യാലയങ്ങളിൽ അയക്കാനാകുമെന്ന് ഉറപ്പിക്കാനാവുമോ? അവരുമൊത്ത് വർഷംതോറും വിദേശ പര്യടനം സാധ്യമാകുമോ? ചുരുക്കിപ്പറഞ്ഞാൽ, എന്റെ പ്രായത്തിലും പരിചയത്തിലുമുള്ള എല്ലാ സിംബാബ്‌വെക്കാരികളും ആഗ്രഹിക്കുന്നതുപോലെ എന്റെ കൗമാര സ്വപ്നങ്ങളിലെ ജീവിതം ജീവിക്കാനൊക്കുമോ?

ഈജിപ്തിൽ കണ്ടതും കേട്ടതുമെല്ലാം എന്നിൽ എന്തോ ഉണർത്തി. ഞാനറിയാതെ... വിപുലവും സത്താപരവുമായ ഒരു മാർഗനിർദേശത്തിനും ഞാൻ ആവിഷ്കരിച്ചിരുന്ന വിരസമായ ജീവിത പദ്ധതികളെക്കാൾ മൂല്യവത്തായ ഒന്നിനും വേണ്ടിയുള്ള വെമ്പൽ. ജീവിതത്തിലാദ്യമായി ഈ ലോകത്തെക്കുറിച്ചും അതിൽ എന്റെ സ്ഥാനത്തെക്കുറിച്ചും ജീവിതത്തിന്റെ അർഥത്തെക്കുറിച്ചും ഗാഢമായി ചിന്തിക്കാൻ തുടങ്ങി. ലണ്ടനിൽ തിരിച്ചെത്തിയതോടെ സദാചാരനിഷ്ഠമായ വസ്ത്രധാരണം ഒന്ന് പരിശോധിച്ചു നോക്കാൻ തന്നെ തീരുമാനിച്ചു. 'എരിക്കബാദു'വിന്റെ ആ വർഷത്തെ കച്ചേരിവേഷം പോലെ ഞാൻ തല തുണി കൊണ്ട് പൊതിഞ്ഞുവെച്ചു. നേർത്ത നിറത്തിലുള്ള അയഞ്ഞ വസ്ത്രങ്ങൾ ധരിക്കാൻ തുടങ്ങി. ഇടുങ്ങിയ പാന്റ്സിനൊപ്പം കോട്ട് ധരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു.

പേരെടുത്ത 'ഡിസ്കോ' ഗായികയിൽ നിന്നും ഒരു ആഫ്രിക്കൻ 'കന്യാസ്ത്രീ'യിലേക്കുള്ള എന്റെ രൂപാന്തരം കാമ്പസിൽ ശ്രദ്ധിക്കപ്പെടാതിരുന്നില്ല. അറിയാൻ കഴിഞ്ഞ കിംവദന്തികളിലൊന്ന് ഞാനൊരു ഗൂഢസംഘത്തിൽ അംഗമായി എന്നതിനാൽ എല്ലായ്പോഴും തല മറക്കേണ്ടതായി വരുന്നു എന്നായിരുന്നു. ദുഷ്പ്രചരണങ്ങളിലൊന്നും ഞാൻ അടിപതറിയില്ല. എന്റെ ചെയ്തികളെ ആത്മചോദന ശരിവെച്ചിരുന്നതിനാൽ മറ്റുള്ളവരുടെ വന്യമായ ധാരണകളിലേക്കുള്ള എടുത്തുചാട്ടം അപ്രസക്തമായി.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇസ്‌ലാം സ്വീകരിച്ച ഇംഗ്ലീഷ് എഴുത്തുകാരനായ മെർമഡ്യൂക് പിക്താളിന്റെ ഖുർആൻ പരിഭാഷയുടെ ഒരു കോപ്പി ഞാൻ വാങ്ങി. അതിന്റെ അർഥവ്യാപ്തി എനിക്ക് അളക്കാനായില്ല. ഒട്ടും ഹൃദയസ്പർശിയല്ലാത്ത സ്കൂളിലെ മതാധ്യാപനങ്ങൾക്ക് പുറമെ ബൈബിൾ കർമാനുഷ്ഠാനങ്ങൾക്ക് വിപരീതമായ പൊതുജീവിതവും നയിച്ച എനിക്ക് പ്രവാചന്മാരുടെയും മുൻകാല ജനതയുടെയും കഥകൾ സംയോജിപ്പിക്കാനായില്ല. അന്നെനിക്ക് അറബി വശമില്ലാതിരുന്നതിനാൽ, ഏവരും സമ്മതിക്കുന്നതുപോലെ, അപര്യാപ്ത പ്രതിരൂപമായ ഇംഗ്ലീഷ് തർജമയിൽ തൃപ്തിയടയേണ്ടി വന്നു.

ഖുർആനിന്റെ മൂലവ്യാഖ്യാനം എനിക്കാരും പറഞ്ഞുതന്നിരുന്നില്ല. അതിന് ഇന്നത്തെ ഈ രൂപം എങ്ങനെ ലഭിച്ചു? അവതീർണമായ അതേ രൂപത്തിലാണോ അതുള്ളത്? അതല്ല, മുഹമ്മദ് നബി(ﷺ)യും അനുയായികളും ഉണ്ടാക്കിയെടുത്തതോ? എനിക്കറിയില്ലായിരുന്നു. അത് ബൈബിളിനോട് സദൃശ്യമായി എനിക്ക് തോന്നി. വ്യത്യസ്തരായ ആളുകൾ വിവിധ കാലഘട്ടങ്ങളിലായി എഴുതിയ ബൈബിളിലെ കഥകളോട് സമാനമായവ അതിലുമുണ്ടായിരുന്നു. സത്യത്തിൽ എന്റെ ആദ്യ പ്രതികരണം തികച്ചും അനാദരപൂർണമായിരുന്നു. അടിവരകളും ചോദ്യ ചിഹ്നങ്ങളും ആശ്ചര്യ ചിഹ്നങ്ങളും കൊണ്ട് ആ പതിപ്പ് നിറഞ്ഞു. ഖുർആനിനെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിന് മുമ്പ് പല ആശയങ്ങളും എനിക്കൊട്ടും ഗ്രഹിക്കാനായില്ല.

എന്നാൽ തൽക്ഷണം മനസ്സിലാക്കാനായ നിയമതലങ്ങളും ഖുർആനിലുണ്ടായിരുന്നു. നമസ്കാരം അഞ്ചുനേരം നിർബന്ധമാക്കിയതിലെ ഭംഗി

**"എന്തിനാണ് നിങ്ങളിങ്ങനെ മൂടിപ്പുതച്ച് നടക്കുന്നത്; ഇത്രയും സുന്ദരിയായിരിക്കെ?" ലളിതവും സുന്ദരവുമായ അവരുടെ മറുപടി ഇന്നും എന്നിൽ തറച്ചു നിൽക്കുന്നു: "എന്തുകൊണ്ടെന്നാൽ, കാഴ്ചയിൽ ഞാനെങ്ങനെയിരിക്കുന്നു എന്നതിലൂടെയല്ല, മറിച്ച് ഞാൻ എന്ത് പറയുന്നു, എന്ത് പ്രവർത്തിക്കുന്നു എന്നതിലൂടെ വിലയിരുത്തപ്പെടാനാണ് ഞാൻ ആഗ്രഹിക്കുന്നത്".**

യും ബുദ്ധിയും ഞാൻ ഉൾക്കൊണ്ടു. ദിവസത്തിലെ പ്രാരംഭ പ്രവർത്തനം എന്നത് 'ഫജ്ർ' നമസ്കാരം എന്ന ആരാധനയും ഒടുവിലത്തേത് 'ഇശാ' നമസ്കാരവും ഇവയ്ക്കിടയിലായി ഉച്ചഭക്ഷണ നേരത്തെ 'ദുഹ്ർ', ഉച്ചതിരിഞ്ഞുള്ള 'അസ്വ്ർ', അസ്തമയ സൂര്യൻ മേഘങ്ങളെ ചുവപ്പിക്കുമ്പോഴുള്ള 'മഗ്‌രിബ്' എന്നീ മൂന്ന് നമസ്കാരങ്ങളുമാണ് അതുൾക്കൊള്ളുന്നത്. ഈ അഞ്ച് നമസ്കാരങ്ങളും ഒരാൾക്ക് സദാ ദൈവത്തെ ഓർക്കുവാനും അവനുമായുള്ള അടുപ്പം പുതുക്കുവാനുമുള്ള ഒരവസരമാണ്.

എനിക്ക് യുക്തിസഹമായി തോന്നിയ വേറെയും നിയമങ്ങളതിലുണ്ടായിരുന്നു. വല്ലപ്പോഴും സുഹൃത്തുക്കളോടൊപ്പമുള്ള മദ്യാസ്വാദനം എനിക്കുമുണ്ടായിരുന്നുവെങ്കിലും മദ്യമോ, ലഹരി പദാർഥങ്ങളോ വർജിക്കുക എന്നത് പ്രയാസകരമായില്ല. എന്റെ ബാല്യത്തിലും കൗമാരത്തിലുമെല്ലാം സിംബാബ്‌വെക്കാരുടെ മദ്യാസക്തിയും മദോന്മത്തതയും അതുമൂലം ഉടലെടുത്തിരുന്ന അടിപിടി കോലാഹലങ്ങളും, വേതനം നശിപ്പിക്കലും അതിന്റെ സ്വാഭാവിക പരിണിതിയായ ദാരിദ്ര്യവും മറ്റ് വിനാശങ്ങളും ഞാൻ നേരിലനുഭവിച്ചിട്ടുണ്ട്. ഒരു മദ്യപാനിയുടെ കള്ള് നാറുന്ന ശ്വാസോഛ്വാസവും അവൻെറ 'തലക്കന'വും, മനം മടുപ്പിക്കുന്ന ഛർദിയുടെ അവശിഷ്ടങ്ങളും, വേദനാജനകമായ മദ്യാസക്തിയും, അവൻെറ വികൃതികളും മറ്റും ആരെങ്കിലും അൽപമെങ്കിലുമൊന്ന് കണ്ടറിഞ്ഞിട്ടുണ്ടെങ്കിൽ മദ്യം മനുഷ്യനെ എത്രമാത്രം അധമനാക്കും എന്ന് മനസ്സിലാക്കാവുന്നതാണ്. ഈ ചിന്ത തന്നെ എനിക്ക് അതിൽ നിന്നും വിട്ടുനിൽക്കാനുള്ള ബോധമുളവാക്കാൻ പര്യാപ്തമായി.

വെറുപ്പാർന്ന ഒരു സംഭ്രമമായിരുന്നു 'പന്നിയിറച്ചി' തീറ്റയിൽ നിന്ന് എന്നെ പിടിച്ചുമാറ്റിയത്. 'ഫ്ളാറ്റിലെ' എന്റെ സഹവാസിയോടൊപ്പം വാങ്ങി 'ഫ്രിഡ്ജി'ൽ സൂക്ഷിച്ചിരുന്ന മാംസം പിറ്റേന്ന് പാചകത്തിനായി പുറത്തെടുത്തപ്പോൾ ഞങ്ങളെ ഭയപ്പെടുത്തുമാറ് അതിൽ നിറയെ പുഴുക്കൾ ഓടി നടക്കുന്നുണ്ടായിരുന്നു! ജീവിതകാലമത്രയും അതിൽനിന്നും അകന്ന് നിൽക്കുമാറ് എന്നെ പ്രതിജ്ഞാബദ്ധയാക്കാൻ ആ കാഴ്ച തന്നെ മതിയായിരുന്നു.

**ഒരു സ്ത്രീക്ക് അവൾ പുരുഷനാൽ ആകർഷിക്കപ്പെടേണ്ടതില്ല എന്ന് പ്രഖ്യാപിക്കാനുള്ള ശക്തി പകർന്നുനൽകാൻ എന്താണ് ഇസ്‌ലാമിലുള്ളത്? ആകർഷകത്വം ആസ്വാദ്യകരമാവാൻ പുരുഷന്റെ പ്രശംസനീയമായ നോട്ടങ്ങൾ തീർത്തും അനിവാര്യമല്ലെന്നോ? സ്ത്രീ ഒട്ടും സ്വയം പ്രദർശകയാകേണ്ടതില്ലെന്നോ?**

ആ പദം പോലും ഇന്നുമെന്നിൽ മനംപിരട്ടലുളവാക്കുന്നു!

സ്ത്രീ - പുരുഷ ഇടപെടലുകളിലെ മിതവർത്തനവും, പരസ്പര ബഹുമാനവും കൽപിക്കപ്പെട്ടിട്ടുള്ളത്; അനാവശ്യമായി പുരുഷ ശ്രദ്ധയെ ആകർഷിക്കുന്ന രീതികളോടും 'വിസിലടി'കളോടും 'കമന്റി'കളോടും വക്രോക്തികളോടും ലൈംഗിക പീഡനങ്ങളോടും എല്ലാമുള്ള വിരാമം എനിക്ക് നൽകി. പുരുഷ ശ്രദ്ധ പിടിച്ചുപറ്റാനുള്ള വേഷവിധാനങ്ങൾക്കും സൗന്ദര്യ പ്രകടനങ്ങൾക്കും ഇതൊരറുതിയായി. അഥവാ എന്റെ വസ്ത്ര ധാരണത്തിൽ എന്ത് മാറ്റം വരുത്തണം, പുരുഷന്മാരുമായി എങ്ങനെ ഇടപെടണം, അവരും ഞാനും തമ്മിൽ പാലിക്കേണ്ട അകലമെന്താണ് എന്നെല്ലാം ഞാൻ തീർച്ചപ്പെടുത്തി. ഇതൊരു പുതിയ ജീവിതക്രമവും ലോകത്തെക്കുറിച്ചുള്ള പുത്തൻ അവലോകനവുമായിരുന്നു. അതിനർഥം വെടിയുണ്ടകളെ സ്വീകരിക്കുക എന്നതായിരുന്നു. എനിക്ക് അനുയോജ്യമായി തോന്നിയതത്രയും ഞാൻ സ്വീകരിച്ചു. അത്രമാത്രം. ഒരു പുരുഷനും എന്നിൽ 'ഒരവകാശ'വുമില്ല. ഞാനെന്തു പറയട്ടെ, അതെന്നെ കൂടുതൽ ബലിഷ്ഠയാക്കി.

സാവധാനം, എന്നാൽ സുനിശ്ചിതമായി എന്റെ ജീവിതരീതി മാറുകയായി. ഇസ്‌ലാമിക ജീവിതം ഉപകാരപ്രദമാക്കാൻ ഒരു മുസ്‌ലിമാകേണ്ടതുണ്ട് എന്നെനിക്ക് ബോധ്യപ്പെട്ടിരുന്നില്ല. എന്റെ വ്യക്തിപരമായ ജീവിതരീതികളും ലക്ഷ്യങ്ങളും നിലനിർത്തിക്കൊണ്ടു തന്നെ ഏതാനും ചില കാര്യങ്ങളിലുള്ള ചില്ലറ മാറ്റങ്ങളോടെ തുടർന്നുപോകാം എന്ന് ഞാൻ കരുതി. എനിക്കപ്പോഴും എന്റെ 'കറുത്ത' സഹോദരീ സഹോദരന്മാരോടു തന്നെയാണ് ഞാൻ പരിചയപ്പെട്ട മുസ്‌ലിംകളെക്കാൾ കൂറ് തോന്നിയത്. നിശ്ചയമായും ഞാൻ ഇസ്‌ലാമിലേക്ക് ആകർഷിക്കപ്പെട്ടിരുന്നുവെങ്കിലും 'മുസ്‌ലിംകൾ' എന്നത് എനിക്കപ്പോഴും ഒരു ദുരൂഹത തന്നെയായിരുന്നു. 'വൈറ്റ് ചാപ്പൽ' റോഡിൽ നിന്നും അൽപം മാറി ഏഷ്യക്കാർ - അവരിലധികവും മുസ്‌ലിംകളാണ്- തിങ്ങിപ്പാർക്കുന്ന ഇപ്പോൾ (കു)പ്രശസ്തമായ 'ബ്രിക്ക് ലെയ്ൻ'ലെ 'മിലി എൻഡ്'ലായിരുന്നു എന്റെ യൂണിവേഴ്സിറ്റി. എസ്റ്റേറ്റുകളിലും വാർപ്പ് വീടുകളിലും, പൊരിച്ച കോഴിയും ചിപ്സും വിൽക്കുന്ന കടകളിലും, മുന്നിൽ കടകളോടുകൂടിയ പള്ളികളിലുമെല്ലാമായി ഞങ്ങൾക്ക് ചുറ്റും അവരായിരുന്നു. നിശ്ചയദാർഢ്യമാർന്ന മുഖത്ത് നരച്ചതും അല്ലാത്തതുമായ താടിയുമായി ഉറച്ച കാൽവെപ്പുകളോടെ കാമ്പസിനരികെ പള്ളിയായി ഉപയോഗിച്ചിരുന്ന വീട്ടിലേക്ക് പുരുഷന്മാർ പോകുന്നത് എന്റെ പതിവു കാഴ്ചയാണ്. സ്ത്രീകൾക്ക് പ്രാർഥനക്ക് ഇടം നൽകാത്ത ഒരു പള്ളിയാണതെന്ന് പിന്നീട് ഞാൻ മനസ്സിലാക്കി. സ്ത്രീകൾക്ക് നമസ്കരിക്കാൻ പള്ളിയോ വീടോ തെരെഞ്ഞെടുക്കാനുള്ള അനുവാദമുണ്ടായിരിക്കെ ചില യാഥാസ്ഥിതിക പള്ളികളിൽ അവരെ തടയുന്നത് ഖേദകരമായ ഒര വസ്ഥാവിശേഷം തന്നെയാണ്.

അവിടെയുണ്ടായിരുന്ന മുസ്‌ലിംകളിൽ മിക്കവരും ബംഗാളികളായിരുന്നു. അവരുടെ സ്ത്രീകളെയും എനിക്കവിടെ കാണാൻ കഴിഞ്ഞു. കറുത്ത മേലുടുപ്പിൽ നിന്നും സാരിത്തലപ്പുകൾ പുറത്തേക്ക് എത്തിനോക്കുന്നുണ്ടായിരുന്നു. തട്ടം തലയിൽ അസ്ഥിരമായി ചേക്കേറിയിരുന്നു. മുറുക്കാൻ കറ ചുണ്ടുകളിലും പല്ലുകളിലും കടുത്ത ഓറഞ്ച്നിറം പരത്തി, മിഴിവാർന്ന മുഖവും കരപിടിപ്പിച്ച തട്ടങ്ങളും പാക്കിസ്താനി സൽവാർ ഖമീസും അണിഞ്ഞ യുവതികളും, ജെല്ലി തേച്ച് മിനുക്കിയ മുടിയും 'സർവവ്യാപി'യായ മൊബൈൽ ഫോണുകളുമായി നടക്കുന്ന മെലിഞ്ഞ് പക്ഷേ, ബലിഷ്ഠരായ പയ്യന്മാരും അവിടെ ഉണ്ടായിരുന്നു. ഞാൻ കണ്ട ഈ ആളുകൾ- ഈ മുസ്‌ലിംകൾ- അല്ലാഹുവിൽ വിശ്വസിക്കുന്നു എന്നെനിക്കറിയാമായിരുന്നു. നിസ്സംശയം, ഞാൻ എല്ലാ രാത്രികളിലും മല്ലിട്ടുകൊണ്ടിരുന്ന അതേ ഖുർആൻ തന്നെയാണ് ഇവരും വായിച്ചിരുന്നത്. എന്നിട്ടും എനിക്കവരുമായി യാതൊരുബന്ധവും തോന്നിയില്ല. എന്നെ തിരിച്ച

റിയുന്ന ദൃഷ്ടികൾ ഞാനവരിൽ കണ്ടില്ല. അതിനാൽ ഞാനവരുമായി അകൽച്ച പാലിച്ചു.

എന്നെക്കാൾ ഒരു വർഷം മേലെയുള്ള, യൂണിവേഴ്സിറ്റിയിലെ ഒരു പെൺകുട്ടിയെ കണ്ടതോടെയാണ് മതപരമായ എന്റെ ഏകാന്തതക്ക് വിരാമമുണ്ടായത്. സാന്ദ്ര എന്നായിരുന്നു അവളുടെ പേര്. 'ആഫ്രിക്കൻ കരീബിയൻ സൊസൈറ്റി' (ACS) യിലേക്ക് കഷണിക്കാൻ കുറേകാലമായി ഞാനവളെ കാത്തിരിക്കുകയാണ്. ഈജിപ്തുകാരനായ പിതാവിന്റെയും, സാൻസിബാരിയായ മാതാവിന്റെയും പുത്രിയായ ഒരറബി മുസ്‌ലിം, 'ഹനാ' എങ്ങനെയോ അവളുടെ കൂട്ടുകാരിയായി. ACSയോട് വർഗീയ ധാരണയുടെ അടിസ്ഥാനത്തിലുള്ള അവളുടെ കടുത്ത എതിർപ്പിനാൽ ഞാൻ അവരെ ഇരുവരെയും ഒഴിവാക്കിയിരുന്നു. ഒരു ദിവസം കാന്റീനിലൂടെ കടന്നുപോകവെ ഒരു കൂട്ടം കൂട്ടുകാരികളുമൊത്തിരിക്കുന്ന സാന്ദ്രയെ കണ്ടു. സാന്ദ്രയുടെ മുഖത്തെ അപരിചിത ഭാവവും തലയിൽ ചുറ്റിക്കെട്ടിയിരുന്ന സ്കാർഫും ഒഴികെ കാഴ്ചയിൽ അവരെല്ലാം ഒരുപോലെയിരുന്നു. ബംഗാളി പെൺകുട്ടികൾ ഇഷ്ടപ്പെട്ടിരുന്ന കരവെച്ച തട്ടം കഴുത്തിലൂടെ മാറിലേക്ക് ഇറക്കിയിടാതെ തലയിൽ ചുറ്റിക്കെട്ടിയിരുന്ന അവൾ തീർത്തും വ്യത്യസ്തയായി കാണപ്പെട്ടു. അവൾ എന്താണ് ചെയ്തിട്ടുണ്ടാവുക..? ഞാൻ ആത്മഗതം ചെയ്തു. അവളുടെ ഈ രൂപമാറ്റത്തെക്കുറിച്ച് അപ്പോൾ തന്നെ അറിയാതെ പോകാൻ ജിജ്ഞാസ എന്നെ അനുവദിച്ചില്ല. കഴിഞ്ഞയാഴ്ച അവൾ 'ശഹാദത്ത്' ചൊല്ലി എന്ന് എന്നോടപ്പോഴാണ് പറഞ്ഞത്.

"അശ്ഹദു അൻ ലാ ഇലാഹ ഇല്ലല്ലാഹ്, വ അശ്ഹദു അന്ന മുഹമ്മദർ റസൂലുല്ലാഹ്'' (അല്ലാഹുവല്ലാതെ ആരാധന ക്കർഹനായി മറ്റാരുമില്ല എന്നും മുഹമ്മദ് നബി(ﷺ) അല്ലാഹുവിന്റെ ദൂതനാണ് എന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു) എന്ന മുസ്‌ലിം വിശ്വാസ സാക്ഷ്യം അവൾ പ്രഖ്യാപിച്ചിരിക്കുന്നു.

അവളങ്ങനെ ഒരു മുസ്‌ലിമായിരിക്കുന്നു. ഞാൻ ഞെട്ടുകയും ഒപ്പം അസൂയപ്പെടുകയും ചെയ്തു. ഏറെ പ്രാധാന്യമർഹിക്കുന്നതും അർഥവത്തായതുമായ ഒരു കാര്യം ചെയ്തതുപോലെ, ശരിയായൊരു കർമംചെയ്തു തീർത്തതുപോലെയുള്ള ഒരു സന്തോഷം അവളിൽ ദൃശ്യമായി. ഞാൻ ഏറെ ഭയന്നിരുന്ന ആ ചുവടുവെപ്പ് അവൾ സധൈര്യം സാക്ഷാത്കരിച്ചിരിക്കുന്നു!

"കൊള്ളാം, നീ എന്നെക്കാൾ ധൈര്യവതിയാണ്" ഞാൻ പറഞ്ഞൊപ്പിച്ചു.

താൽക്കാലികോപയുക്തമായ രീതിയിൽ ഇസ്‌ലാമിലേക്കുള്ള എന്റെ കാൽവെപ്പുകകളും പരിമിതികളും ഞാനവളോട് പറഞ്ഞു. സ്കാർഫ് കെട്ടാൻ പഠിപ്പിക്കാനായി എന്നെ അവളുടെ താമസ സ്ഥലത്തേക്ക് ക്ഷണിച്ചപ്പോഴാണ് ഞാനതറിയിച്ചത്. സഹായിക്കുന്നതിൽ ഞാൻ സന്തുഷ്ടയായിരുന്നു. പിറ്റേന്നു തന്നെ ചില സാധനങ്ങളുമായി ഞാനവിടെ ചെന്നു. ഈജിപ്തിൽ നിന്നും കൊണ്ടുവന്ന സ്വർണനാരിൽ ചുവപ്പ് വരക ളോടെ നെയ്തെടുത്ത സ്കാർഫും, നല്ല ഉറപ്പിൽ കെട്ടിവെക്കാനുതകുന്നതും അവശ്യം നീളമുള്ളതുമായ അലങ്കാരത്തുണികളുമായിരുന്നു അവ. അങ്ങനെ ആരാത്രി, പരിശ്രമങ്ങൾക്കും പരാജയങ്ങൾക്കുമിടയിൽ ഒരു സൗ ഹൃദം- എന്റെ ജീവിതത്തെ എന്നെന്നേക്കുമായി മാറ്റാൻ കഴിവുള്ള ഒരു സൗഹൃദം-പൂവിടാൻ തുടങ്ങുകയായി.

അപ്രതീക്ഷിതമായി എനിക്ക് ഇസ്‌ലാമിനോടുള്ള താത്പര്യം പങ്കുവെക്കാനും ചർച്ച ചെയ്യാനും സംവദിക്കാനും ബാഹ്യവും വ്യംഗ്യവുമായ കാഴ്ചപ്പാടുകൾ വിലയിരുത്താനുമെല്ലാം ഒരാളെ കിട്ടി. അതു ഞാനാസ്വദിക്കുകയും ചെയ്തു. എല്ലാ കാര്യങ്ങളിലുമുള്ള എന്റെ ഇസ്‌ലാമിക വിശ്വാസം ഏറി വരുന്നതോടൊപ്പം 'കറുത്ത്'വരുടെ പ്രശ്നങ്ങളെക്കുറിച്ചുള്ള എന്റെ താൽപര്യം അസ്തമിച്ചു വന്നു. ACSയോഗങ്ങളിൽ ഗൗരവതരമായ വിഷയങ്ങൾ തീരെ ചർച്ചചെയ്യപ്പെട്ടിരുന്നില്ല. വർഷംതോറും വിഷയങ്ങളിലെ ആവർത്തന വിരസത എന്നെ ശുണ്ഠിപിടിപ്പിച്ചു. ആഫ്രിക്കൻ-കരീബിയൻ വ്യക്തിത്വ സംബന്ധിയായ തർക്കങ്ങളും കറുപ്പ്-വെളുപ്പ് ബന്ധങ്ങളിലെ വിപത്തുകളും സ്ത്രീ വിദ്വേഷികളും അക്രമോത്സുക ഗാന രചയിതാക്കളും എല്ലാം ഞങ്ങളുടെ യോഗങ്ങളിൽ അഗ്നിപടർത്താറുണ്ടായിരുന്നു. എന്റെ ഹൃദയത്തിലത് അന്യമായ അസ്വസ്ഥതയുണ്ടാക്കാൻ തുടങ്ങി. ഇതത്രയും ഉപരിപ്ലവവും അർഥശൂന്യവുമായി എനിക്ക് തോന്നി. മനുഷ്യരെന്ന നിലയ്ക്ക് നാം നേരിടുന്ന പ്രശ്നങ്ങൾ ഇവയെല്ലാമാണോ? ഇസ്‌ലാമിലെ വളർന്നുകൊണ്ടിരിക്കുന്ന എന്റെ താത്പര്യം, ലോകത്തെക്കുറിച്ച് വിഭിന്നമായ ഒരു മൗലിക വീക്ഷണത്തിലേക്കും മനുഷ്യ നിലനിൽപിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഒരു വ്യത്യസ്ത ബോധത്തിലേക്കുമുള്ള വെളിച്ചം നൽകി. എനിക്കിപ്പോൾ, ബോധ്യമായിട്ടുള്ള വസ്തുതകളെ മനഃപൂർവം അവഗണിക്കുക എന്നത് ദിനംപ്രതി വിഷമകരമായി ത്തീർന്നു കൊണ്ടിണ്ടിരിക്കുന്നു. ACS ഒരു സാംസ്കാരിക പരിപാടി എന്ന നിലയ്ക്ക് 'ജമയിക്കൻ' സിനിമയായ 'ഡാൻസ്ഹാൾ ക്വീൻ' പ്രദർശനം നടത്തിയത് എന്റെ സഹനസീമയുടെ അവസാന തുരുമ്പായി. തട്ടുപൊളിപ്പൻ സംഗീതവും അർധനഗ്ന വേഷഭൂഷാദികളും തറയിൽ കിടന്ന് പുളയുന്ന ശരീരങ്ങളുമെല്ലാം വീക്ഷിച്ചുകൊണ്ട് ഇരുണ്ട 'ഓഡിറ്റോറിയത്തിൽ' ഇരുന്നപ്പോൾ ഏതോ വിദൂരതയിൽ ഒറ്റപ്പെടുന്നതായി അനുഭവപ്പെട്ടു. ഞാൻ ചിന്തിച്ചു. ഞാനിനി ഇവിടേക്ക് യോജിച്ചവളേ അല്ല!

ഞാനെഴുന്നേറ്റു. 'കാമ്പസിന്' മറുഭാഗ ത്തുണ്ടായിരുന്ന വിദ്യാർഥികളുടെ പ്രാർഥനാമുറിയിലേക്കാണ് നേരെ ചെന്നത്. എന്റെ അതേ ചിന്താമണ്ഡലത്തിലുള്ളവരിലാണ് ഞാൻ ഉൾപ്പെടേണ്ടത്. എനിക്ക്വേണ്ടിയിരുന്നത് ഉപകാരപ്രദമായ സൗഹൃദമാണ്. അർഥവും വ്യാപ്തിയുമുള്ള സൗഹൃദം. ആത്മാവിന്റെ ഭക്ഷണമാണ് എനിക്കാവശ്യമുണ്ടായിരുന്നത്. എന്റെ പഴയ വ്യക്തിത്വം എനിക്കൊട്ടും ആശാസ്യമല്ല എന്ന് ഞാനപ്പോൾ തിരിച്ചറിഞ്ഞു. അങ്ങനെ എന്റെ ഹൃദ

**അവളങ്ങനെ ഒരു മുസ്‌ലിമായിരിക്കുന്നു. ഞാൻ ഞെട്ടുകയും ഒപ്പം അസൂയപ്പെടുകയും ചെയ്തു. ഏറെ പ്രാധാന്യമർഹിക്കുന്നതും അർഥവത്തായതുമായ ഒരു കാര്യം ചെയ്തതു പോലെ, ശരിയായൊരു കർമം ചെയ്തു തീർത്ത തുപോലെയുള്ള ഒരു സന്തോഷം അവളിൽ ദൃശ്യമായി. ഞാൻ ഏറെ ഭയന്നിരുന്ന ആ ചുവടുവെപ്പ് അവൾ സധൈര്യം സാക്ഷാത്കരിച്ചിരിക്കുന്നു!**

**ഭൂതകാലത്താൽ പ്രചോദിതമായി സശ്രദ്ധം ആവിഷ്കരി ച്ചെടുത്ത ഭാവിയെ ഉപേക്ഷിക്കാൻ ഞാൻ തയാറായിന്നില്ല. അദൃശ്യമായ ഒരു ശക്തിയോടുള്ള ഭയം – അനിശ്ചിതത്വത്തി ന്റെയും അർപ്പണത്തിന്റെയും ഭയം – എന്നെ പുറകോട്ട് വലിച്ചു.**

യം അൽപാൽമായി ഇസ്ലാമിലേക്ക് ചാഞ്ഞുതുടങ്ങി. എന്നാൽ, എന്റെ അഭിലാഷങ്ങൾക്ക് പ്രായോഗികതയെക്കൂടി പരിഗണിക്കേണ്ടതുണ്ടായിരുന്നു. ഒരു കറുത്ത ആഫ്രിക്കക്കാരിയായ എനിക്ക് (അന്ന് ഞാനങ്ങനെയാണ് എന്നെ കണ്ടിരുന്നത്. എന്റെ മിശ്ര വംശീയത പരിഗണിക്കാതെ!) എങ്ങനെ ഇസ്ലാം പോലുള്ള ഒരു മതത്തിന്റെ ഭാഗമാകാൻ കഴിയും? ഞാൻ മനസ്സിലാക്കിയേടത്തോളം അത് ഏഷ്യക്കാരുടെയും അറബികളുടെയും മതമാണ്. ഏതായാലും, അവരെ മാത്രമാണ് ഞാൻ മുസ്‌ലിംകളായി കണ്ടിട്ടുള്ളത്. എന്റെ വ്യക്തിത്വബോധം നഷ്ടപ്പെടാതെ അതുമായി എങ്ങനെ ഇണങ്ങുമെന്നുള്ള ചിത്രീകരണം തന്നെ ഏറെ ക്ലേശകരമായി തോന്നി. കുടുംബത്തെയും കൂട്ടുകാരെയും പൂർവികരുടെ പാരമ്പര്യത്തെയും എല്ലാം അന്യമാകും വിധം കരുവാക്കിക്കൊണ്ട് ഒരു വിശ്വാസത്തെ വരിക്കുക എന്നത് എന്നിൽ ഭീതിയുളവാക്കി.

ഈ ആക്ഷേപങ്ങൾ അവതരിപ്പിക്കുമ്പോഴെല്ലാം എന്റെ പുതിയ സുഹൃത്ത് സാന്ദ്ര ഏറെ സഹിഷ്ണുതത പുലർത്തിയിരുന്നു. എന്റെ നാടും ചുറ്റുപാടും അൽപമൊക്കെ അറിവുണ്ടായിരുന്നുവെങ്കിലും 'ആഫ്രിക്കൻ വ്യക്തിത്വ'ത്തിന്മേലുള്ള എന്റെ പിടിച്ചു തൂങ്ങലിൽ അത്ഭുതം കൂറും വിധമായിരുന്നു അവളുടെ ചിന്തയുടെ സിംഹഭാഗവും. അവളെ സംബന്ധിച്ചിടത്തോളം ഇത് വളരെ സരളമായിരുന്നു: 'ഇസ്ലാമാണ് സത്യമെങ്കിൽ ശേഷിക്കുന്നവയുടെ പ്രാധാന്യം ആപേക്ഷികം മാത്രമാണ്. ഏറ്റവും ശരിയെന്ന് ബോധ്യപ്പെട്ട മാർഗം അനുധാവനം ചെയ്യുന്നതിൽ പിന്നെ അവയെന്തിന് തടസ്സമാകണം?'

എന്നാൽ അവൾക്കായി ഒട്ടേറെ ചോദ്യങ്ങൾ എന്റെ പക്കലുണ്ടായിരുന്നു. 'എന്റെ ജീവിതം അല്ലാഹുവിന് സമർപ്പിക്കുകയും എന്നാൽ എനിക്ക് അനിഷ്ടകരമായത് അവൻ വിധിക്കുകയും ചെയ്താൽ?' എന്ന ചോദ്യമുന്നയിച്ചുകൊണ്ട് ഒരു ദിവസം പൊട്ടിക്കരഞ്ഞത് ഞാനിന്നുമോർക്കുന്നു. ഏതായാലും എനിക്ക് ഒട്ടേറെ ആഗ്രഹങ്ങളുണ്ടായിരുന്നു. ആകർഷകമായ ജോലി, പണം, വീട്ടിൽ തിരിച്ചെത്തി മംഗളകരമായ വിവാഹം, വരയുള്ള കോട്ടുകളണിഞ്ഞ് മുടിപിന്നിയിട്ട മക്കൾ.... എല്ലാം എന്റെ കണക്കുകൂട്ടലുകളായിരുന്നു. എന്നാൽ ഞാൻ ഇസ്ലാം സ്വീകരിക്കുകയാണെങ്കിൽ ഇവക്കെല്ലാം മാറ്റമുണ്ടാകുമെന്ന് ഞാനറിഞ്ഞു. എന്റെ അഭിലാഷങ്ങളും ഭാവി പ്രതീക്ഷകളും ഒഴുക്കിക്കളയാൻ ഞാൻ തയാറായിരുന്നുവോ? ഇല്ല, എനിക്ക് അത്തരമൊരു മാറ്റം സാധ്യമല്ല. ഭൂതകാലത്താൽ പ്രചോദിതമായി സശ്രദ്ധം ആവിഷ്കരി ച്ചെടുത്ത ഭാവിയെ ഉപേക്ഷിക്കാൻ ഞാൻ തയാറായിന്നില്ല. അദൃശ്യമായ ഒരു ശക്തിയോടുള്ള ഭയം – അനിശ്ചിതത്വത്തിന്റെയും അർപ്പണത്തിന്റെയും ഭയം – എന്നെ പിറകോട്ട് വലിച്ചു.

ഇംഗ്ലണ്ടിലെ പ്രശസ്തമായ 'ഷൂ' കമ്പനികളിലൊന്നിൽ ഒരു താൽക്കാലിക ജോലികിട്ടിയ സന്ദർഭം. അവിടെ ഞാനൊരു പശ്ചിമേന്ത്യക്കാരിയെ കണ്ടു. മറ്റൊരു കറുത്ത മുഖം ഓഫീസിൽ കണ്ട സന്തോഷത്തിൽ ഞാനവളുമായി സൗഹൃദത്തിലായി. അവർ പ്രായോഗിക ബുദ്ധിയും തിരിച്ചറിവുമുള്ളവളും അഭിമതയുമായി കാണപ്പെട്ടു. ഒരിക്കലും അറിഞ്ഞിട്ടില്ലാതിരുന്ന തന്റെ തറവാട്ടുപേരിന്റെ സ്ഥാനത്ത് അവൾ X എന്ന് പേരിനവസാനമായി സ്വീകരിച്ചത് എനിക്ക് കൗതുകമായി. പാശ്ചാത്യരിൽ ഒട്ടുമിക്ക കറുത്തവരുടെയും കുടുംബനാമം, അവരുടെ പ്രപിതാക്കൾ അടിമകളായിരുന്നതിനാൽ, പഴയ യൂറോപ്യൻ ഉടമയുടെ പേരായിരുന്നു. അവരുടെ യഥാർഥ ആഫ്രിക്കൻ പേരിന് മാറ്റം വരികയും ഇപ്പോൾ അതിൽ ഭൂരിഭാഗം നഷ്ടമാവുകയും ചെയ്തിരിക്കുന്നു. പേരിനൊപ്പം X ചേർക്കുന്നത് 'നേഷൻ ഓഫ് ഇസ്ലാം' എന്നറിയപ്പെട്ടിരുന്ന സംഘടനയിലെ അംഗങ്ങളുടെ രീതിയായിരുന്നു. അവരുടെ ഒരു കാലത്തെ പ്രഗത്ഭ പ്രാസംഗികനായിരുന്ന മാൽക്കം എക്സിനെ അനുകരിക്കുകയായിരുന്നു അവർ. 'ഷെഫെർഡ് ബുഷി'ലുള്ള 'നേഷൻ ഓഫ് ഇസ്ലാം'കാരുടെ ഒരു മുസ്‌ലിം ദേവാലയത്തിലേക്ക് പതിവായി പോകാറുണ്ടെന്ന് പറഞ്ഞ് മോണിക്ക എന്നെ അങ്ങോട്ട് ക്ഷണിച്ചപ്പോൾ അതൊന്ന് നേരിലനുഭവിക്കാനുള്ള ആഗ്രഹം എനിക്കുണ്ടായി. ഒരു പക്ഷേ, ഞാനതിന്റെ – ഇസ്ലാമിന്റെ കറുത്ത പതിപ്പിന്റെ – ഭാഗമായിരിക്കുമോ? അങ്ങനെ അടുത്ത സന്ധ്യായോഗത്തിന് ഞങ്ങളൊരുമിച്ചുപോയി. വിവാദ സംഘടനയായ 'നാഷൻ ഓഫ് ഇസ്‌ലാമു'മായുള്ള എന്റെ ആദ്യ മുഖാമുഖം നടക്കുകയും ചെയ്തു.

ഒരുവിധം സമ്മേളന മുറിയിലെത്തി. വൃത്തിയായി സൂട്ടണിഞ്ഞ് 'ബോ ടൈ' കെട്ടിയ ആജാനുബാഹുക്കളായ 'നാഷൻ ഓഫ് ഇസ്ലാം' അംഗരക്ഷകർ ഞങ്ങളെ യഭിവാദ്യം ചെയ്തു. 'അസ്സലാമു അലൈക്കും എന്റെ കറുത്ത സഹോദരികളേ, അസ്സലാമു അലൈക്കും എന്റെ കറുത്ത രാജ്ഞികളേ' എന്നുള്ള കൂട്ട അഭിവാദ്യങ്ങൾക്കിടയിലൂടെ അവർ മുകളിലേക്ക് വഴികാട്ടി. മുകളിലെ മുറിയിൽവെച്ച് അവരുടെ യോഗങ്ങളിൽ പതിവുള്ള ഭ്രാന്തൻ ദേഹ പരിശോധന നടത്തി. ഒരുയൂണിഫോമെന്നപോലെ 'നേവി ബ്ലൂ' നിറത്തിലുള്ള വസ്ത്രവും തൊപ്പിയും ധരിച്ച് അവിടെയുണ്ടായിരുന്ന സ്ത്രീയായിരുന്നു ഞങ്ങളെ പരിശോധിച്ചത്. കന്യാസ്ത്രീകളെപ്പോലെ അവരുടെ ശിരോവസ്ത്രം ചെവികൾക്ക് പിറകിലൂടെ താഴേക്ക് വീണുകിടന്നിരുന്നു. എനിക്കറിയാവുന്ന 'കറുത്തവരുടെ' സംഘടനകളിലൊന്നും കണ്ടിട്ടില്ലാത്ത വിധമുള്ള അവളുടെ കർമനിരതയും ഗാംഭീര്യവും എന്നെയാകർഷിച്ചത് ഞാനോർക്കുന്നു. ഞങ്ങൾ പ്രസംഗമുറിയിൽ കടന്നു. നിരത്തിയിട്ട കസേരകളിൽ സ്ത്രീകൾ കവാടത്തിനരികിലും പുരുഷന്മാർ മുറിയുടെ മറുവശത്തുമായി ഇരിക്കുന്നുണ്ടായിരുന്നു. ഒരു ഇടവഴി അവരെ വേർതിരിച്ചു. ഏവരുടെയും നോട്ടം വേദിയിലേക്കായി. 'ഫ്രൂട്ട് ഓഫ് ഇസ്ലാ'മിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 'നാഷൻ ഓഫ് ഇസ്ലാമിന്റെ' യോദ്ധാക്കൾ നിർവികാര മിഴികളോടെ സദസ്സിന്റെ മധ്യത്തിലേക്ക് നോട്ടമിട്ടുകൊണ്ട് കാലുകളകത്തി നിന്നിരുന്നു. 1960കളിലെ ഏലിജാ മുഹമ്മദിന്റെ കാലത്തെ അനുസ്മരിപ്പിച്ചു കൊണ്ട്; ആണുങ്ങളെല്ലാം സൂട്ട് ധരിച്ചിരുന്നു. ചിലർ 'ബോ ടൈ' കെട്ടിയിരുന്നു. സ്ത്രീകൾ മുമ്പു കണ്ട സ്ത്രീയെപ്പോലെ തൊപ്പി ധരിച്ചും

കാണപ്പെട്ടു. സന്ദർശകർ കൂടുതൽ പിറകിലുള്ള നിരയിലായിരുന്നു സ്ഥലം പിടിച്ചിരുന്നത്. ചിലർ അവസരാനുയോജ്യമായ തലപ്പാവുകൾ ധരിച്ചിരുന്നു.

"അസ്സലാമു അലൈക്കും" എന്ന അഭിസംബോധനയോടെ, ഖുർആനിലെ ആദ്യ അധ്യായമായ സൂറതുൽ ഫാതിഹ പാരായണം ചെയ്തുകൊണ്ട് യോഗം തുടങ്ങി. തുടർന്നു വന്നത് പാതിരിമാരുടെ ശൈലിയിലുള്ള ഉപദേശങ്ങളും (നാഷൻ ഓഫ് ഇസ്‌ലാം പ്രാസംഗികർ അതിൽ പ്രശസ്തരായിരുന്നു) വ്യക്തി വർണനകളും, അവരുടെ സ്കൂൾ കുട്ടികളുടെ പരിപാടിയുമെല്ലാമായിരുന്നു. യോഗവും അതിന്റെ ഉള്ളടക്കവും എല്ലാവരിലും ശക്തമായ വികാരം തട്ടിയുണർത്തി. 'കറുത്ത വർഗബോധം' ഉണ്ടായിരുന്നവരിൽ വിശേഷിച്ചും. എന്റെ ഫ്ളാറ്റിലുണ്ടായിരുന്ന ഇഫുഅയെയും സഹപ്രവർത്തക നിഷ്യലിനെയും കൂട്ടി അടുത്തയാഴ്ച വീണ്ടും ഞാനവിടെ പോയി. വംശീയ ആശയങ്ങൾ വിളക്കിച്ചേർത്ത അവരുടെ പ്രസംഗങ്ങൾക്ക് നിഷ്യലിനെ ഒട്ടും ആകർഷിക്കാനായില്ല. എന്നാൽ ഇഫുഅയെയും എന്നെയും അതൊട്ടും അകറ്റിയതുമില്ല.

മൂന്നാംതവണ എന്റെ ഒരു മുസ്‌ലിം സുഹൃത്തുമൊത്ത് അവിടെ പോയപ്പോഴാണ് 'നാഷൻ ഓഫ് ഇസ്‌ലാം' എനിക്കനുയോജ്യം തന്നെയോ എന്ന സംശയം എന്നിലുദിച്ചത്. ഒന്നാമതായി, ലോകത്തെ സംസ്കാരങ്ങളെല്ലാം കറുത്ത ഏഷ്യക്കാരാൽ സ്ഥാപിതമാണെന്ന അവരുടെ തത്ത്വം എനിക്ക് ബോധ്യപ്പെട്ടില്ല. കറുത്ത വർഗക്കാരുടെ ഉന്നമനത്തിന് വേണ്ടിയെന്നവകാശപ്പെടുന്ന ഒരു സംഘടന കോട്ടും സൂട്ടും 'ബോ ടൈ' യുമെല്ലാം യൂണിഫോമാക്കിയതു തന്നെ എനിക്ക് പരിഹാസ്യമായി തോന്നി. ആഫ്രിക്കനോ കരീബിയനോ അല്ല ഏഷ്യൻ ഉൽപത്തിയാണ് എന്ന് അവകാശപ്പെടുമ്പോൾ തന്നെ 'മുഹമ്മദ്' എന്ന അറബിപ്പേരിന്റെ ഇടതടവില്ലാത്ത ഉപയോഗം കൂടുതൽ അവിശ്വസ നീയമായിരുന്നു. വീട്ടിലേക്ക് തിരിക്കവെ തിവണ്ടിയിൽ വെച്ച് എന്റെ മുസ്‌ലിം സുഹൃത്ത് പറഞ്ഞു: 'നിനക്കറിയുമോ, ഇത് യഥാർഥ ഇസ്‌ലാമല്ല.' നാമമാത്ര മായ അറിവാണുള്ളതെങ്കിലും അദ്ദേഹം പറഞ്ഞത് ശരിയാണെന്നെനിക്ക് തോന്നി. 'നാഷൻ ഓഫ് ഇസ്‌ലാമി'ന്റെ വിശ്വാസ സംഹിതയുമായി താരതമ്യപ്പെടുത്തുമ്പോൾ 'യഥാർഥ' ഇസ്‌ലാം കൃത്യവും സംതുലിതവും സ്വാഗതാർഹവും തുറന്നതുമായി കാണപ്പെടുന്നു. കറുത്തവരും 'വെള്ളപ്പിശാചുക്കളും' തമ്മിലുള്ള ബന്ധത്തിലോ കറുത്തവരുടെ ആധിപത്യത്തിലോ കറുത്തവർ അഭിമുഖീകരിക്കുന്ന മറ്റ് സാമൂഹിക പ്രശ്നങ്ങളിലോ എല്ലാം ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതല്ല മറിച്ച് ഇസ്‌ലാം, മനുഷ്യസമൂഹവും അവരുടെ സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തിനും അവരുടെ വിശ്വാസത്തിനും സ്വഭാവ മര്യാദകൾക്കും ആരാധനകൾക്കും ഊന്നൽ നൽകുകയാണ് ചെയ്യുന്നത്. രണ്ടിലെയും ജീവിത രീതിയും വിശ്വാസ വ്യവസ്ഥകളും തമ്മിൽ മൈലുകളുടെ അന്തരമുണ്ട്. എന്റെ അന്വേഷണം ഇനിയും അവസാനിക്കുന്നില്ല...

ജീവിതത്തിന്റെ ഒരു വഴിത്തിരിവിലാണ് ഞാനെത്തിയിട്ടുള്ളത് എന്ന ബോധം എന്നെ വിട്ടുപോയില്ല. എന്റെ ലോകവീക്ഷണത്തിന് അനുയോജ്യമാംവിധം ഇസ്‌ലാമിലുള്ള സിദ്ധാന്തങ്ങളെ പെറുക്കിയെടുത്ത് കഴിയുക എന്നത് എനിക്ക് ഒരു വശത്ത് അസാധ്യമായി തോന്നിയപ്പോൾ മറുവശത്ത്, എന്റെ പഴയജീവിതത്തിലേക്കിനി മടങ്ങാനാകില്ല എന്ന് ഞാനറിഞ്ഞു. ഒരു തീരുമാനത്തിന് എനിക്ക് സമയമായിരിക്കുന്നു.

ഇതിനകം ഒരു നല്ല സുഹൃത്തായി ത്തീർന്ന സാന്ദ്ര എന്നോട് പറഞ്ഞു : "നിനക്കൊരു തിരഞ്ഞെടുപ്പ് അനിവാര്യമാണ്. അല്ലെങ്കിൽ ഒരു അവിശ്വാസിയായി– ഒരു അമുസ്‌ലിമായി മരിക്കുക എന്ന സാഹസത്തിന് ഒരുങ്ങിക്കൊള്ളുക". ഞാൻ ഏറെ വേദനിച്ചു. നീണ്ട ക്രിസ്തുമസ് അവധി അടുത്തെത്തി. പാർട്ട്ടൈമായി ജോലിചെയ്തിരുന്ന ഡിപ്പാർട്ട്മന്റ് സ്റ്റോറിൽ നിന്നും ശമ്പളം കിട്ടി. ഞാനെന്തു ചെയ്യണം? അമേരിക്കയിലുള്ള എന്റെ കുടുംബാംഗങ്ങളൊത്ത് ക്രിസ്തുമസ് ആഘോഷിക്കാൻ പോകണോ, അതോ എന്റെ ബാക്കി ജീവിതത്തെ ഏതു വിധത്തിൽ ചിട്ടപ്പെടുത്തണം എന്ന് മനസ്സിലാക്കാനുതകുന്ന മറ്റെവിടേക്കെങ്കിലും പോകണോ? ഞാൻ രണ്ടാമത്തേത് തിരഞ്ഞെടുത്തു.

> **വീട്ടിലേക്ക് തിരിക്കവെ തിവണ്ടിയിൽ വെച്ച് എന്റെ മുസ്‌ലിം സുഹൃത്ത് പറഞ്ഞു: 'നിനക്ക റിയുമോ, ഇത് യഥാർഥ ഇസ്‌ലാമല്ല.' നാമമാത്ര മായ അറിവാണുള്ളതെങ്കിലും അദ്ദേഹം പറഞ്ഞത് ശരിയാണെന്നെനിക്ക് തോന്നി. 'നാഷൻ ഓഫ് ഇസ്‌ലാമി'ന്റെ വിശ്വാസ സംഹിതയുമായി താരതമ്യപ്പെടുത്തുമ്പോൾ 'യഥാർഥ' ഇസ്‌ലാം കൃത്യവും സംതുലിതവും സ്വാഗതാർഹവും തുറന്നതുമായി കാണപ്പെടുന്നു.**

Camara Laye യുടെ L' Enfant Noir എന്ന പുസ്തകം എന്റെ മനസ്സിൽ കൊത്തിവെച്ചിരുന്ന ഗിനിയ എന്ന മുസ്‌ലിം ആഫ്രിക്കയിലെ നാട്ടിൻപുറവും ജീവിതവും കാണാൻ ഞാൻ തീരുമാനിച്ചു. ഗിനിയ തിരഞ്ഞെടുക്കാനുള്ള മറ്റൊരു കാരണം അവിടെ മുസ്‌ലിം ജനസംഖ്യ കൂടുതലാണ് എന്നതും എന്റെ ഈജിപ്ത് സന്ദർശന വേളയിൽ പരിചയപ്പെട്ടിരുന്ന ഗിനിയൻ തപാൽ സർവീസ് ഡയറക്ടറുടെയും അയാളുടെ ആളുകളുടെയും ഉറച്ച വിശ്വാസവും വ്യക്തിത്വബോധവും ഉളവാക്കിയ ആകർഷണവുമാണ്. യാത്രക്കൊരുങ്ങുമ്പോൾ എനിക്കവിടെ ബന്ധപ്പെടുവാനായി അദ്ദേഹം മാത്രമാണുണ്ടായിരുന്നത്.

എന്റെ സുഹൃത്തുക്കളെല്ലാം ഞെട്ടിത്തരിച്ചുപോയി. ഇതൊരു ഭ്രാന്തൻ ആശയമായിട്ടാണ് അവർ കണ്ടത്. എന്റെ ആതിഥേയനെ എനിക്കറിയില്ല. ഒരിക്കലും ഞാൻ ആ നാട് സന്ദർശിച്ചിട്ടില്ല. സംരക്ഷണത്തിന് ആരുമില്ലാതെ തനിച്ച് യാത്ര ചെയ്യണം. എന്റെ തീരുമാനം ഉപേക്ഷിക്കാനുതകും വിധം ശക്തമായിരുന്നു അവരുടെ എതിർപ്പുകൾ. എന്നാൽ ഇതിനകമുണ്ടായ ചില സംഭവങ്ങൾ എന്റെ യാത്ര വിധിക്കപ്പെട്ടുകഴിഞ്ഞ ഒന്നായിരുന്നുവെന്ന ധാരണയാണുണ്ടാക്കിയത്. ഡിപ്പാർട്ട്മന്റ് സ്റ്റോറിലെ ജോലിക്കിടയിൽ നൈജീരിയൻ മുസ്‌ലിം സ്ത്രീകളെ പരിചയപ്പെടാനിടയായതാണ് അതിലൊന്ന്. നിറം മുക്കി ഉണക്കിയെടുത്ത അയഞ്ഞ വസ്ത്രം (ബൗബൗ) ധരിച്ച അവരെ കണ്ടമാത്രയിൽ തന്നെ നൈജീരിയക്കാരെന്ന് ഞാൻ തിരിച്ചറിഞ്ഞു. കഞ്ഞിമുക്കിയ തുണികൊണ്ട് തലമറക്കുന്ന സാധാരണ പതിവിനു പകരം എന്റെ പ്രദേശത്തുണ്ടായിരുന്ന ഏഷ്യൻ പെൺകുട്ടികൾ ഇഷ്ടപ്പെടുന്ന ഞൊറിവെച്ച ഹിജാബായിരുന്നു അവർ ധരിച്ചിരുന്നത്. അമ്പരന്നു

**അമേരിക്കയിലുള്ള എന്റെ കുടുംബാംഗങ്ങളൊത്ത് ക്രിസ്തുമസ് ആഘോഷിക്കാൻ പോകണോ, അതോ എന്റെ ബാക്കി ജീവിതത്തെ ഏതു വിധത്തിൽ ചിട്ടപ്പെടുത്തണം എന്ന് മനസ്സിലാക്കാനുതകുന്ന മറ്റെവിടേക്കെങ്കിലും പോകണോ? ഞാൻ രണ്ടാമത്തേത് തിരഞ്ഞെടുത്തു.**

പോയ ഞാൻ ഇതിനകം പതിവാക്കിയിരുന്നതു പോലെ അവരുടെ അരികിൽ ചെന്ന് 'അസ്സലാമു അലൈക്കും' (നിങ്ങൾക്ക് ശാ ന്തിയുണ്ടാകട്ടെ) എന്ന് പറഞ്ഞു. വിടർന്ന ചിരികളോടെ അവരൊന്നിച്ച് മറുപടി പറഞ്ഞു: 'വ അലൈക്കുമുസ്സലാം' (നിങ്ങൾക്കും ശാന്തിയുണ്ടാകട്ടെ). തുടർന്ന് ഞാനവരുടെ നാടും ജോലിയുമെല്ലാം തിരക്കി. അവരിൽ കൂടുതൽ പ്രസന്നവതിയായി കാണപ്പെട്ട സ്ത്രീ, അവർ 'ലാഗോസ്'കാരാണെന്നും അവധി ആഘോഷിക്കാൻ ലണ്ടനിലെത്തിയതായിരുന്നുവെന്നും പറഞ്ഞു. അവർ നാട്ടിലെ ഒരു ട്രാവൽ ഏജസിയിലാണ് ജോലി ചെയ്തിരുന്നതെന്നും മനസ്സിലാക്കാനായി. സംസാരമധ്യേ ഗിനിയയുടെ തലസ്ഥാനമായ കൊണാക്രിയിലുള്ള അവരുടെ ഒരു സഹ പ്രവർത്തകയുടെ കാര്യം പറഞ്ഞു. എന്റെ ഗിനിയ സന്ദർശനത്തിനുള്ള പദ്ധതിയും അവിടെ ബന്ധപ്പെടാൻ ആരുമില്ല എന്ന കാര്യവും അറിയിച്ചപ്പോൾ അവരുടെ കാർഡും ആ സ്ത്രീയുടെ പേരും തന്നുകൊണ്ട് അവിടെ എത്തിയാലുടൻ അവരെ കാണണമെന്ന് നിർബന്ധിച്ചു. എന്റെ ഹൃദയം പുഞ്ചിരിച്ചു. എന്റെ യാത്രയെ നിർബന്ധമാക്കുന്ന ഒരടയാളമായിരുന്നുവോ അത്?

ഭൂഗർഭ തീവണ്ടിയിൽ വീട്ടിലേക്ക് തിരിക്കവെ ഒരു സ്ത്രീയെ കാണാനിടയായി. എന്തോ, എന്റെ അന്വേഷണത്തിലിരിക്കുന്ന വിശ്വാസത്തിലാണ് അവരുള്ളത് എന്നെനിക്ക് തോന്നി. അവരോട് സംസാരിക്കാൻ ഞാൻ നിർബന്ധിതയായി. 'നിങ്ങൾ ഒരു മുസ്ലിമാണല്ലേ?' എന്നെ പരിചയപ്പെടുത്തിയതിനു ശേഷം ചോദിച്ചു. 'അതെ'– അവർ പറഞ്ഞു. അവർ 'സിറലിയോൺ'കാരിയാണെന്ന് എനിക്ക് മനസ്സിലായി. അവരുടെ പിതാവ് ഗിനിയക്കാരനായിരിക്കുമെന്ന് ഞാൻ കരുതി. പ്രതീക്ഷിച്ച അതേ ഉത്തരം കിട്ടിയപ്പോൾ എന്റെ തലച്ചോറിനുള്ളിൽ രണ്ടു മണികൾ കൂട്ടിയടിക്കുന്നതുപോലെ, എന്തോ മയാജാലം പോലെ എനിക്കനുഭവപ്പെട്ടു. വീണ്ടുവിചാരമില്ലാത്ത ഒരെടുത്തുചാട്ടമായി തോന്നാമെങ്കിലും ഞാൻ ഗിനിയയിലേക്ക് പോകാൻ തന്നെ തീരുമാനിച്ചു. അന്നേരം എന്റെ ഒരു സുഹൃത്തിനോട് പറഞ്ഞത് ഞാനോർക്കുന്നു:"ഞാനവിടെവെച്ചെങ്ങാനും മരണപ്പെടുകയാണെങ്കിൽ അത് അല്ലാഹുവിന്റെ തീരുമാനമെന്ന് ധരിച്ചു കൊള്ളുക".

ഓവർടൈമുൾപ്പെടെ ഒരു മാസത്തെ ശമ്പളവും കുറച്ച് കടവും പറ്റിക്കൊണ്ട് ടിക്കെറ്റെടുത്തു. സാധനങ്ങൾ പെട്ടിയിലാക്കി. വഴിമധ്യേ, ലണ്ടനിലെത്തിയിരുന്ന എന്റെ സഹോദരനോടും അനുജത്തിയോടും യാത്രപറഞ്ഞ് പുറപ്പെട്ടു. ആദ്യം പാരീസിലേക്കാണ് പോയത്. അവിടെ നിന്നും 'ദാർക്കാറി'ലേക്കും പിന്നെ സെനഗളിലേക്കും വിമാനയാത്ര നടത്തിയാണ് എനിക്ക് 'കൊണാക്രി'യിലെത്താനായത്. അസാധാരണമായ ഏതോ വികാരം ഈ സമയമത്രയും എന്നെ വിഴുങ്ങിയിരുന്നു. ദൈവിക വിധിയുടെ അഥവാ 'ഖദ്റിന്റെ' അലകളിൽ ഒരു പൊങ്ങുതടി കണക്കെ തിരമാലകളിലൂടെയൊഴുകി സമുദ്രത്തിന്റെ വിദൂരതയിലേക്ക് തള്ളപ്പെടുന്നതു പോലെ എനിക്കനുഭവപ്പെട്ടു. വലിയൊരു വിപത്തിനുള്ള സാധ്യതയെക്കുറിച്ചറിയാമായിരുന്നിട്ടും ഞാൻ ശാന്തയും നിർഭയയുമായി. പോസ്റ്റോഫീസ് ഡയറക്ടർ ഒരു പക്ഷേ, കളവുപറഞ്ഞതായിരിക്കാം. അദ്ദേഹത്തിന് ഭാര്യയോ കുട്ടികളോ ഉണ്ടായിരിക്കയില്ല. എന്നെ അവിടെയെത്തിച്ച് മുതലെടുക്കുവാനുള്ള ഒരു തന്ത്രമായിക്കാം. ഈ ചിന്തകൾക്കൊന്നും എന്റെ മനസ്സിനെ അസ്വസ്ഥമാക്കാനായില്ല. എനിക്കബദ്ധങ്ങളൊന്നും പിണഞ്ഞില്ല. പാരീസിലെ 'ട്രാൻസിറ്റ് ലോഞ്ചിൽ' ഇരിക്കവെയാണ് ഒരു മുസ്ലിമാകണം എന്ന ബോധം എനിക്കുണ്ടായത്. അടിയുറച്ച ഇസ്ലാമിക വിശ്വാസത്തിന്റെ ചൈതന്യം സ്ഫുരിക്കുന്ന ചുറ്റുമുണ്ടായിരുന്നവരിൽ ഒന്നാകാൻ ഞാൻ ആഗ്രഹിച്ചു. ആ യാത്രക്കിടയിൽ എഴുതിയ കുറിപ്പുകളിലൊന്ന് ഇങ്ങിനെ വായിക്കാം:

13/12: സെനഗൽ മുസ്ലിംകളെ കണ്ട മാത്രയിൽ തന്നെ വികാരഭരിതയായി– അവർ എന്റെ ജനതയെപ്പോലെയിരിക്കുന്നു! എന്റെ നെഞ്ചകം തുടിക്കുകയും കണ്ണുകൾ നിറയുകയും ചെയ്തു – അൽഹംദുലില്ലാഹ്! പുരുഷന്മാർ പരസ്പരം എന്തോ പിറുപിറുക്കുന്നു....അറബിയിലാ ണോ അവർ സംസാരിക്കുന്നത്?

ഇംഗ്ലണ്ടിൽ ഞാൻ പരിചയപ്പെട്ടവരിൽ നിന്നും തുലോം വ്യത്യസ്തരായ ഈ മുസ്ലിംകളുടെ കാഴ്ചയും ഭാവവും എന്നെ ഏറെ വശീകരിച്ചു. കറുത്ത ദേശീയതയിൽ ഇനിയും മുങ്ങിക്കിടക്കുന്ന ഒരാൾക്കെന്നപോലെ എന്റെ കറുത്ത വ്യക്തിത്വ ബോധത്തിലും അഭിമാന ചിന്തയിലും ഐക്യപ്പെടുന്നവരായി ഈ മുസ്ലിംകളെ ഞാൻ കണ്ടു. ദക്ഷിണാഫ്രിക്കയുടെ മിക്ക പ്രദേശങ്ങളിലും വിരളമായിരുന്ന ഗുണഗണങ്ങളോടെ – വസ്ത്രധാരണത്തിലും പെരുമാറ്റത്തിലും ഭാവത്തിലും – അവർ ആഫ്രിക്കക്കാരന്റെ അഭിമാനം പ്രസരിപ്പിച്ചിരുന്നു. ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ അധീശത്തം ഇഷ്ടദാനം നൽകിയ ചര്യകളാൽ ബ്രിട്ടീഷുകാരനെ അംഗീകരിച്ചുകൊണ്ട് ആഭിജാത്യവും അഭിമാനവും നേടാനാണ് മിക്കവരും ശ്രമിച്ചിരുന്നത്. ഇതിന് തികച്ചും വിപരീതമായി 'ഫ്രഞ്ച്' പശ്ചിമാഫ്രിക്കയിലെ മുസ്ലിംകളുടെ ആത്മവിശ്വാസം എന്നെ ആകർഷിച്ചു.

'ഡക്കാറി'ലെ അൽപവിശ്രമത്തിനു ശേഷം കൊണാക്രിയിലേക്ക് പറന്നു. അവിടെ പോസ്റ്റോഫീസ് ഡയറക്റ്ററുടെ വീട്ടിൽ ഭാര്യയോടും രണ്ടു കുട്ടികളോടുമൊപ്പം ഞാൻ സുരക്ഷിതയും സന്തുഷ്ടയുമായിരുന്നു. മറക്കാനാകാത്ത നാലാഴ്ചകളുടെ ആരംഭമായിരുന്നു അത്. കൊണാക്രിയിലെ അന്നത്തെ വിയർപ്പിക്കുന്ന ചൂടിലും ഞാൻ തല മറക്കുകയും 'ബൗബൗ' ധരിക്കുകയും ചെയ്തു. അതെനിക്ക് അയഞ്ഞതും ആയാസകരവുമായിരുന്നു. എന്റെ ആകാരത്തെ നല്ലവണ്ണം മറച്ച ഭംഗിയുള്ള ആ വസ്ത്രത്തിൽ ഞാൻ ചുറ്റിനടന്നു. നാട്ടുകാർക്കിടയിലൂടെ ശ്രദ്ധിക്കപ്പെടാതെ ശാന്തമായി ഞാൻ കടന്നുപോയി. കൂടെ കരുതിയിരുന്ന ഏതാനും പാശ്ചാത്യ വസ്ത്രങ്ങൾ ധരിക്കാൻ ഞാൻ മടിച്ചു. എന്റെ ജനതയോടൊപ്പം, കഞ്ഞിമുക്കിയ വസ്ത്രത്തിന്റെ സുഖത്തിലേക്കും സുരക്ഷിതത്വത്തിലേക്കും മടങ്ങാൻ ഞാൻ എല്ലായ്പോഴും തൽപരയായി. ഏതായാലും എല്ലാവരും ഈ തോന്നലുള്ളവരായിരുന്നില്ല.എന്റെ ആതിഥേയയുടെ വസ്ത്രധാരണം ഒട്ടും ഇസ്ലാമികമായിരു

ന്നില്ല. അവരും മറ്റു സ്ത്രീകളും വൃദ്ധകളുടെ 'ബൗബൗ' ഉപേക്ഷിച്ച് മാർക്കറ്റിൽ നിന്നും ജീൻസ് വാങ്ങിയണിയാൻ എന്നെ നിർബന്ധിച്ചു കൊണ്ടിരുന്നു. അവരുടെ ഈ നിലപാടിൽ ഓരോ തവണയും ഞാൻ വിയോജിക്കുകയും അതിശയിക്കുകയും ചെയ്തു എന്ന് പറയേണ്ടതില്ലല്ലോ. ഒന്നാമതായി ജീൻസിലേക്ക് തിരികെപ്പോകാൻ ഞാൻ ആഗ്രഹിച്ചിരുന്നില്ല. രണ്ടാമതായി ജീൻസ് ധരിച്ച് ഗിനിയയിലെ അങ്ങാടികളിലൂടെ നടക്കാൻ തയാറുമല്ലായിരുന്നു. എല്ലാറ്റിലുമുപരി സ്വന്തമായൊരു വ്യക്തിത്വം എനിക്കിനിയും സൂക്ഷിക്കേണ്ടിയിരുന്നു. ഗിനിയയിലെ അന്നത്തെ ഏറ്റവും ധനികനായ ഒരാളുമായി ബന്ധപ്പെട്ടുണ്ടായ സംഭവത്തിനു ശേഷം 'ബൗബൗ' ധരിച്ചുകൊണ്ട് 'സ്വയം സംരക്ഷിവാനുള്ള' ആഗ്രഹം കൂടുതൽ ബലപ്പെട്ടു.

ഒരു മുസ്‌ലിമാവാനുള്ള ആഗ്രഹം ഞാൻ പ്രഖ്യാപിച്ചതു മുതൽ എല്ലാവരുടെയും മനസ്സിൽ ഒരേയൊരുവിഷയമാണുണ്ടായിരുന്നത്. ആരെയായിരിക്കും ഞാൻ വിവാഹം കഴിക്കുക? സത്യത്തിൽ വിവാഹമെന്നത് എന്റെ ചിന്തയുടെ മുൻനിരയിലുണ്ടായിരുന്നില്ല. എങ്കിലിപ്പോഴെന്റെ ഉണർവുകളെയത് കാർന്നുതിന്നുന്നു. എനിക്കനുയോജ്യനായ വരനാക്കാൻ ഏവർക്കും ഒരനുജനോ, അമ്മാവനോ, 'കസിനോ' ഉണ്ടായി. ഇതെന്നെ ഭ്രാന്തുപിടിപ്പിച്ചു. അന്വേഷണങ്ങളിലൊന്ന് എന്റെ ഇരട്ടി പ്രായമുള്ള പണക്കാരനായ ഒരു കർഷകന്റെതായിരുന്നു. എന്റെ ആതിഥേയ കുടുംബം ഈ ബന്ധം എനിക്കിണങ്ങിയതെന്ന് നിസ്വാർഥമായി കരുതുകയും അദ്ദേഹത്തിന്റെ വിഡ്ഢിത്തരങ്ങൾ പങ്കിടാൻ വീട്ടിലേക്ക് ക്ഷണിക്കുകയും ചെയ്തു. പട്ടണത്തിലെ പഞ്ചനക്ഷത്ര ഹോട്ടലുകളിലൊന്നിൽ താമസിച്ചിരുന്ന അയാളുടെ ഫുട്ബോൾ ടീമിനെ സന്ദർശിക്കാൻ ഒരു വൈകുന്നേരം ഞങ്ങൾക്ക് ക്ഷണമുണ്ടായി. പതിവു പോലെ ഞാൻ 'ബൗബൗ' ധരിക്കുന്നതു കണ്ട 'മദാം' വലിയ ബഹളമുണ്ടാക്കി. കൂടുതൽ ചെറുപ്പവും ചുറുചുറുക്കും തോന്നിക്കുന്ന ഇറുകിയ വസ്ത്രങ്ങൾ ധരിക്കാനവർ നിർബന്ധിച്ചു. ഒരു വിഡ്ഢികണക്കെ ഞാനവരെ അനുസരിക്കുകയായിരുന്നു.

ജീവിതത്തിലെ ഏറ്റവും അസ്വസ്ഥമായ ഒരു സന്ധ്യയായിരുന്നു അത്. പന്തുകളിയെക്കുറിച്ച് മാത്രം സംസാരിക്കുന്ന പുരുഷന്മാർക്കിടയിൽ അവഗണിക്കപ്പെട്ട് എപ്പോഴും തിന്നാമെന്ന ഭാവേന കയ്യിലൊതുക്കിയ ഒരു മിഠായി കണക്കെ ആരും സംസാരിക്കാനില്ലാതെ ഞാനിരുന്നു. ഇത്തരം അനുഭവങ്ങളെ സ്ത്രീകൾ എല്ലാ യ്പോഴും അംഗീകരിക്കണമെന്ന് കരുതപ്പെട്ടിന്നത് തീർത്തും വിചിത്രമായിത്തോന്നി. ബുദ്ധിപരമായ സംസാരങ്ങൾക്കല്ല മറിച്ച് കൗതുകത്തിനും പുകഴ്ചക്കും വീമ്പിളക്കാനുമെല്ലാം ഒരു സ്ത്രീ എപ്പോഴും പുരുഷനൊപ്പമുണ്ടാകണമെന്നുമാത്രം! ഭാര്യയെക്കുറിച്ച് മറ്റുള്ളവർ പ്രശംസിക്കുമ്പോൾ, അവനിൽ അസൂയ പ്പെടുമ്പോൾ, അവളെ കട്ടുനോക്കുമ്പോൾ എല്ലാം പുരുഷൻ അഭിമാനംകൊള്ളുന്നുഎന്നതും ഏറെ വിചിത്രം തന്നെ. അവളുടെ സൗന്ദര്യമാണവനെയും അവന്റെ അഭിരുചികളെയും പ്രബലമാക്കുന്നത് എന്നതുപോലെയാണ് ഇതവനിൽ താനൊരു പുരുഷനാണ്, അതിപുരുഷനാണ്, എന്ന തോന്നലുണ്ടാക്കുന്നത്. എന്റെ ചെറുപ്പകാലത്തിന് സമാനമായി സുന്ദരികളായ പെൺകുട്ടികൾപോലും പുരുഷന്റെ അംഗീകാരത്തിന് ബദ്ധപ്പെടുന്നത് എനിക്കൊരിക്കലും ആശാസ്യമായി തോന്നിയില്ല. കൊണാക്രിയിലെ ആ ഉഷ്ണമേറിയ സായാഹ്നത്തിലുണ്ടായ എന്റെ വിശ്വാസത്തിന് വിപരീതമായ കീഴടങ്ങലിൽ ഞാൻ സ്വയം ലജ്ജിക്കുകയും ക്ഷോഭിക്കുകയും ചെയ്തു.

പുരുഷന്മാരെ വിട്ടുകൊണ്ട് ഞാനുടനെ ഹോട്ടലിന്റെ പൂന്തോട്ടത്തിനരികെയുണ്ടായിരുന്ന കടൽതീരത്തേക്ക് പോയി. പാറകളിൽ തട്ടിത്തെറിച്ചുവന്നിരുന്ന ജലകണങ്ങളിലെ ഉപ്പുരസം എനിക്കാസ്വദിക്കാനായി. ശിരോവസ്ത്രം ഞാനണിഞ്ഞിരുന്നു. അക്കാലത്ത് എന്റെ രക്ഷാമാർഗം കണക്കെയുണ്ടായിരുന്ന തട്ടം, പക്ഷേ, അന്ന് അസാധാരണമാം വിധം അനിസ്‌ലാമിക രീതിയിലായിരുന്നു. അതുണ്ടായിരുന്നേടത്തോളം എന്റെ അഭിമാനവും ആദർശങ്ങളും മുറുകെപ്പിടിക്കാനെനിക്ക് കഴിഞ്ഞിരുന്നു. അത് നഷ്ടപ്പെടുമ്പോൾ തലയുടെ മറ നഷ്ടപ്പെടുക എന്ന തിലുപരി ഒരു പുതിയ വ്യക്തിത്വത്തിനുവേണ്ടിയുള്ള എന്റെ പോരാട്ടം തന്നെയാണ് നഷ്ടമാവുക എന്ന് ഞാനറിഞ്ഞു. യാതൊരു സാഹചര്യത്തിലും ഇത്തരമൊരു വിട്ടുവീഴ്ച ആവർത്തിക്കില്ലെന്ന് ആ സന്ധ്യയോടെ ഞാൻ തീരുമാനിച്ചു. പുരുഷന്റെ വിജയ സമ്മാനമാക്കപ്പെടാനുള്ള എന്റെ ദിനങ്ങൾ അവസാനിക്കുകയായി.

എന്റെ പരിവർത്തനത്തിന്റെ കീർത്തി സമുദായത്തിലും കുടുംബത്തിലും കൂട്ടുകാർക്കിടയിലും പരന്നു. ഹജ്ജ് തീർഥാടനം കഴിഞ്ഞവർ വിളിക്കപ്പെടുന്നതു പോലെ 'അൽ ഹജ്ജ'(ഹജ്ജുമ്മ) എന്ന് സ്നേഹാദരം ഞാൻ വിളിക്കപ്പെട്ടു. മധ്യവയസ്സുവരെ അനിസ്‌ലാമിക ജീവിതം നയിച്ചതിനു ശേഷം ഹജ്ജുചെയ്യുക എന്ന മുസ്‌ലിം ജനസാമാന്യത്തിന്റെ പൊതു സ്വഭാവമണ് ഞാനങ്ങനെ വിളിക്കപ്പെടാൻ ഹേതുവായത്. കത്തി നിൽക്കുന്ന യൗവ്വന വികാരങ്ങൾ അടങ്ങിയതിനു ശേഷം ഹജ്ജു ചെയ്ത് അതിന്റെ പ്രതിഫലമായ പാപ പരിശുദ്ധിനേടി തിരിച്ചുവന്ന് ആ ബോധത്തോടെ അവർ ഒരിസ്‌ലാമിക ജീവിതം ആരംഭിക്കുന്നു. ഇറുകിയ അർധനഗ്നമായ വസ്ത്രവും പുരുഷ സൗഹൃദവും തലമുടി തുറന്നിടലുമൊക്കെ ഉപേക്ഷിച്ചതിനാലായിരുന്നു എനിക്കാ സ്ഥാനപ്പേര് കിട്ടിയത്.

ഗിനിയയിൽവെച്ച് വീണ്ടും ആരാധനയുടെ വേലിയിറക്കത്തിലെ കുത്തൊഴുക്കിൽ ഞാനകപ്പെട്ടു -മഞ്ഞു മൂടിയ പ്രഭാതത്തിലെ ഉറക്കെയുള്ള പ്രാർഥനകൾ, ബാങ്ക് വിളികൾ, വെള്ളിയാഴ്ചയിലെ അനുഷ്ഠാനങ്ങൾ, പള്ളിയിലെ ജുമാ നമസ്കാരം. ദിവസവും അഞ്ചുനേരം ഞാൻ 'വുദു'വെടുത്തു. തലയും മാറും കഴുത്തും മറയുംവിധം മക്കന ധരിച്ചു. നമസ്കാരപ്പായ നിവർത്തി. മക്കയിലെ കഅ്ബക്ക്- ഖിബ്‌ലക്ക്- നേരെ തിരിഞ്ഞ് നമസ്കരിച്ചു. അഞ്ചു നേരത്തെ പ്രാർഥന എന്റെ ദിനങ്ങൾക്ക് പ്രകൃതിദത്തമായ താളക്ര

> **ഇംഗ്ലണ്ടിൽ ഞാൻ പരിചയപ്പെട്ടവരിൽ നിന്നും തുലോം വ്യത്യസ്തരായ ഈ മുസ്‌ലിംകളുടെ കാഴ്ചയും ഭാവവും എന്നെ ഏറെ വശീകരിച്ചു. കറുത്ത ദേശീയതയിൽ ഇനിയും മുങ്ങിക്കിടക്കുന്ന ഒരാൾക്കെന്ന പോലെ എന്റെ കറുത്ത വ്യക്തിത്വബോധത്തിലും അഭിമാന ചിന്തയിലും ഐക്യപ്പെടുന്നവരായി ഈ മുസ്‌ലിംകളെ ഞാൻ കണ്ടു.**

മം നൽകി. ഇത് ഇസ്‌ലാമിന്റെ പ്രവാചകനും(ﷺ) അനുയായികളും അനുഷ്ഠിച്ച, മുസ്‌ലിം ലോകം അന്നുമുതൽ തുടർന്നുവരുന്ന അതേ ഒന്നുതന്നെയെന്നത് എനിക്കേറ്റം അർഥസമ്പുഷ്ടമായി തോന്നി. പിന്നീട് അത്തരം വേളകളിൽ ഞാൻ 'ഉമ്മത്തിനെ'ക്കു- ഇസ്‌ലാമിക സമൂഹത്തിനെ- റിച്ച് ചിന്തിക്കുകയും ആ മഹത്തായ സമൂഹത്തിന്റെ ഭാഗമായതിൽ അഭിമാനംകൊള്ളുകയും ചെയ്യുമായിരുന്നു.

**മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെ പ്രതീകവത്കരിക്കുവാൻ ഈ പ്രണാമത്തിന് പകരം വെക്കാനാകുന്നയാതൊന്നുമില്ലതന്നെ. പൊതുവെ, തലയുയർത്തി അഹങ്കാരത്തോടെ നടക്കുന്ന മനുഷ്യൻ അവന്റെ ശരീരം നിശ്ചയദാർഢ്യത്തോടെ കുനിക്കുന്നു – തന്റെ രക്ഷിതാവിനു മുൻപിൽ വിനയാന്വിതം മുഖം നിലത്തമരുന്നതുവരെ.**

എന്റെ ആതിഥേയയുടെ മാതാവ് പ്രശംസനീയവും ബഹുമാനിതവുമായ വ്യക്തിത്വത്തിന്റെ ഉടമയും നർമബോധമുള്ളവരുമായിരുന്നു. വെള്ളിയാഴ്ചകളിൽ ഞാനവരുമൊത്ത് അവിടെ ധാരാളമായുണ്ടായിരുന്ന പള്ളികളിലൊന്നിൽ പോകുമായിരുന്നു. ശിരോവസ്ത്രത്തിനു മുകളിലൂടെ കഴുത്തും മാറും മറയുമാറ് കട്ടിയുള്ള തുണി താഴ്ത്തിയിട്ടുകൊണ്ട് നമസ്കാരത്തിനനുയോജ്യമാംവിധം ഞങ്ങളെ സ്വയം സജ്ജമാക്കിയിരുന്നു. അടുത്തു നിൽക്കുന്നവരെ അനുകരിച്ചുകൊണ്ട് 1400 വർഷങ്ങൾ മുൻപ് മുഹമ്മദ് നബി(ﷺ) നമസ്കരിച്ച അതേ നമസ്കാരം ജീവിതത്തിലാദ്യമായി ഞാൻ നിർവഹിച്ചു. അവർ കൈകളുയർത്തുമ്പോൾ ഞാനുമുയർത്തി: അല്ലാഹു അക്ബർ (അല്ലാഹു ഏറ്റവും വലിയവനാകുന്നു). ഇടുപ്പ് വളച്ചുകൊണ്ടവർ 'റുകൂഇ'ലേക്ക് പോകുമ്പോൾ ഞാനുമങ്ങനെ ചെയ്തു: 'സുബ്ഹാന റബ്ബി അൽ അദീം' (മഹത്ത്വമുടയവനായ എന്റെ രക്ഷിതാവ് പരിശുദ്ധനാകുന്നു). അവർ മുട്ടുകുത്തി മുഖവും കൈപ്പത്തിയും നിലത്തമർത്തുമ്പോൾ അവരോടൊപ്പം ഞാനും സപ്താംഗം പ്രണമിച്ചു; 'സുബ്ഹാന റബ്ബി അൽ അഅ്‌ലാ' (അത്യുന്നതനായ എന്റെ രക്ഷിതാവ് പരിശുദ്ധനാകുന്നു).

മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെ പ്രതീകവത്കരിക്കുവാൻ ഈ പ്രണാമത്തിന് പകരം വെക്കാനാകുന്ന യാതൊന്നുമില്ല തന്നെ. പൊതുവെ, തലയുയർത്തി അഹങ്കാരത്തോടെ നടക്കുന്ന മനുഷ്യൻ അവന്റെ ശരീരം നിശ്ചയദാർഢ്യത്തോടെ കുനിക്കുന്നു- തന്റെ രക്ഷിതാവിനു മുൻപിൽ വിനയാന്വിതം മുഖം നിലത്തമരുന്നതുവരെ. ഈ അംഗ വിന്യാസം അത്യതികം മനോജ്ഞമായി ഞാൻ കണ്ടു. 'സുജൂദിൽ' അല്ലാഹുവുമായി- ആ നാമം എന്റെ നാക്കിൽ നിന്നുമിപ്പോൾ നിഷ്പ്രയാസം ഉതിരുന്നു – ഏറെ അടുത്തതു പോലെ എനിക്കനുഭവപ്പെട്ടു. ആ നിമിഷങ്ങളിലാണ് എനിക്കവനോട് സംസാരിക്കാനാകുന്നത്, അവനെ ഉറക്കെ വിളിക്കാനാകുന്നത്, അവനിൽ ഭരമേൽപിക്കാനാകുന്നത്, അവൻെറ മുമ്പിൽ കണ്ണുനീർ വാർക്കാനാകുന്നത്. അതെ, സുജൂദിലൂടെയാണ് ഞാനവനെ സ്നേഹിക്കാൻ പഠിച്ചത്.

ആ ആദ്യവെള്ളിയാഴ്ച ഞങ്ങൾ വീട്ടിൽ തിരിച്ചെത്തിയപ്പോൾ, പുരുഷന്മാരിലൊരാൾ ഖുർആനിലെ ആദ്യ അധ്യായമായ സൂറത്തുൽ ഫാത്തിഹ ഓതാൻ പഠിപ്പിച്ചു:

"പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ,

സ്തുതി സർവലോക പരിപാലകനായ അല്ലാഹുവിനാകുന്നു.

പരമകാരുണികനും കരുണാനിധിയും പ്രതിഫലദിവസത്തിന്റെ ഉടമസ്ഥനുമായ (അല്ലാഹുവിന്).

നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോടുമാത്രം ഞങ്ങൾ സഹായം തേടുന്നു.

ഞങ്ങളെ നീ നേർമാർഗത്തിൽ അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ ചേർക്കേണമേ.

കോപത്തിനിരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തി ലുമല്ല" (സൂറഃ അൽ ഫാതിഹ 1–7).

അപരിചിതമായ പദങ്ങൾ നാക്കിന് ശ്രമകരമായിന്നുവെങ്കിലും മറ്റു രണ്ടധ്യായങ്ങൾകൂടി അക്ഷരസ്ഫുടതയോടെ പഠിക്കാൻ ഞാൻ നിതാന്തം പരിശ്രമിച്ചു. അവരെനിക്ക് റോഡരികിൽനിന്ന് നമസ്കാരത്തിന്റെ സചിത്രരൂപവും പ്രാർഥനകളുമടങ്ങുന്ന പുസ്തകവും മുറിയിലുപയോഗിക്കാൻ ഇളംപച്ച നിറത്തിലുള്ള പട്ടിന്റെ നമസ്കാരപ്പായയും വാങ്ങിത്തന്നു.

മുസ്‌ലിംകൾ നമസ്കാരത്തിന് മുമ്പെ ചെയ്യുന്ന 'വുദു' എന്ന അനുഷ്ഠാനപരമായ അംഗശുദ്ധീകരണവും അവരെന്നെ പഠിപ്പിച്ചു. നീല ടൈൽസിട്ട കുളിമുറിയിൽ വെച്ച് 'വുളു'വെടുക്കാൻ നിശ്ചയിച്ചു. കൈകൾ മൂന്നുതവണ കഴുകി. തണുത്തവെള്ളം വിരലുകൾക്കിടയിലൂടെ, കണംകയ്യിലൂടെ ഒഴുകി. വലതുകൈക്കുമ്പിളിൽ വെള്ളമെടുത്ത് വായിലേക്ക് പകരുമ്പോൾ ഞാനത് മൂക്കിലേക്ക് വലിച്ചു കയറ്റി. വെള്ളം തുപ്പിക്കളയവെ ഇടതു കൈകൊണ്ട് മൂക്ക് ചീറ്റി. മൂന്നു തവണ ഇതാവർത്തിച്ചു. മുഖവും മൂന്നു തവണ കഴുകി. കയ്യിൽ വെള്ളമെടുത്തുയർത്തി തണ്ടയിലൂടെയൊഴുക്കിക്കൊണ്ട് മൂന്നു തവണ കൈകൾ കഴുകി. ആദ്യം വലതും പിന്നെ ഇടതും. തള്ളവിരലും മറ്റു വിരലുകളുമുപയോഗിച്ച് ആദ്യം പിറകോട്ടും പിന്നെ മുന്നോട്ടും തല തടവി. അപ്രകാരം കാതുകളും. അവസാനം ജഗ്ഗിലെ വെള്ളം മൂന്നു തവണ പാദങ്ങളിലൊഴിച്ചു. വുദുവെടുത്ത് ശുദ്ധമാകുന്നതിൽ, വിശിഷ്യാ ഗിനിയയിലെ ഈറനണിഞ്ഞ ദിനങ്ങളിൽ പലതും ഞാൻ കണ്ടു. അതെന്നെ ശുദ്ധയും ഊർജസ്വലയുമാക്കി. തണുത്ത ആ മുറിയിൽ നമസ്കാരത്തിനെന്നെ തയാറാക്കി. പച്ചനിറത്തിലുള്ള നമസ്കാരക്കുപ്പായയും ടെറാക്കോട്ടയുടെ നിലവും ജനലിനു പുറത്തെ മരത്തണലിന് മനോഹരമാംവിധം ഇണങ്ങിയിരുന്നു. അങ്ങാടികളിലേക്കും പള്ളിയിലേക്കുമുള്ള യാത്രകളും പുതിയ 'ബൗബൗ'വാങ്ങിക്കലും അയൽക്കാരോടും പരിചയപ്പെടുന്നവരോടും 'ഫ്രഞ്ച്' സംസാരിക്കലുമായി കൊണാക്രിയിലെ ദിനങ്ങളങ്ങനെ പെട്ടെന്ന് കടന്നുപോയി. നാടൻഭാഷകളിലൊന്നായ 'സൗ സൗ'ലെ ചില പ്രയോഗങ്ങൾ പഠിക്കുകയും അതിഥികളെ സന്തോഷിപ്പിക്കുമാറ് ഇടക്കെല്ലാം അത് പ്രയോഗിക്കുകയും ചെയ്തു. പെട്ടെന്ന് 'റമദാൻ'മാസം വന്നണഞ്ഞു. അതിന്റെ ആവേശാഹ്ലാദങ്ങൾ ചുറ്റിലും ഞാനനുഭവിച്ചു.

"ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്തതെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ..." (അൽ ബഖറ: 185).

റമദാനിൽ ഒരു മുസ്‌ലിം രാജ്യത്ത് കഴിയുക എന്നതിലുപരി എന്റെ മനസ്സിൽ ഒന്നുമുണ്ടായിരുന്നില്ല. പാശ്ചാത്യ മുസ്‌ലിം ലോകത്ത് ഇതിനെ വെല്ലുന്ന ഒരനുഭവവുമില്ല- അനുഷ്ഠാനങ്ങളോ ഐക്യബോധമോ ഒന്നും തന്നെ. പ്രഭാതം മുതൽ പ്രദോഷം വരെ ആഹാര-പാനീയങ്ങളിൽ നിന്നും ലൈംഗികബന്ധത്തിൽനിന്നുമെല്ലാം സകലരും (അതെ, ഏതാണ്ടെല്ലാവരും!) വിട്ടുനിൽക്കുന്നുവെന്ന അറിവ് പകർന്നു നൽകുന്ന സാഹോദര്യം സ്മരണീയമാണ്. മുസ്‌ലിംലോകത്തിലെ മിക്കയിടങ്ങളിലുമെന്നപോലെ സൂര്യാസ്തമയത്തിനു ശേഷം ഞങ്ങളും കുശാലായി തിന്നു. സുഗന്ധം പരത്തുന്ന ചോറും മസാല നിറഞ്ഞ മത്സ്യവും പട്ടണത്തിലെ ഏറ്റവും നല്ല ബേക്കറിയിനിന്നും മധുരമുള്ള ബ്രഡ്ഡും, പുളിയാരലിന്റെ ഇലയും പനിനീരും ചേർത്തുണ്ടാക്കിയ പുളിമധുരമാർന്ന 'ബിസ്സാപും', പുഴുങ്ങിയെടുത്ത കസ്കസും, പൊരിച്ച കോഴിയും, എന്റെ 'മദാമിന്റെ' വക മധുര ചോളത്തിന്റെ 'സ്പെഷ്യൽ' സലാഡും എല്ലാമായി നിറഞ്ഞ തീറ്റ. ശേഷം 'വുദു'വെടുത്ത് നനഞ്ഞ പൊടിയിലൂടെ ഞങ്ങൾ അടുത്തുള്ള പള്ളിയിലേക്ക് ഇശാ നമസ്കാരത്തിനു പോയി. വിവിധ നിറങ്ങളിലുള്ള ബൗബൗ ധരിച്ച്, നേർത്ത സ്കാർഫുകൾ കഴുത്തിലൂടെ താഴ്ത്തിയിട്ട് സ്ത്രീകൾ 'തറാവീഹി'ന്റെ സമയമാകുമ്പോഴേക്കും പള്ളിയുടെ മേൽതട്ട് നിറയുമാറെത്തിയിരിക്കും. റമദാനിലെ രാത്രികളിൽ എല്ലാ പള്ളികളിലും നടത്തപ്പെടുന്ന സുദീർഘ നമസ്കാരമാണിത്.

ഒരു മാസം മുമ്പു വരെ തികച്ചും അപരിചിതരായിരുന്ന ഈ ആളുകൾക്കിടയിൽ ഒരു മുസ്‌ലിം എന്ന നിലയ്ക്ക് ദിനംതോറും ഞാൻ സന്തുഷ്ടയായിക്കൊണ്ടിരുന്നു. എന്നെയവർ സ്വന്തം മകളെപ്പോലെ കരുതിയിരുന്നതിനാൽ ശക്തമായ ഒരു കുടുംബബന്ധമാണെനിക്കനുഭവപ്പെട്ടത്. അവരുടെ കുടുംബ സന്ദർശനങ്ങളിലും 'ഷോപ്പിങ്ങി'ലും വിവാഹ സദ്യകളിലുമെല്ലാം ഞാനുമൊരു കുടുംബാംഗമായി. എന്നെ തനിച്ചാക്കി അവരൊരിക്കലും പുറത്തു പോയില്ല. സംഘർഷങ്ങളൊട്ടുമില്ല എന്നു പറയാനാകില്ല. വ്യക്തിത്വ സംബന്ധിയായ ചില തർക്കവിതർക്കങ്ങളുണ്ടായി എന്നത് സത്യമാണ്. എന്നു മാത്രമല്ല ഞാൻ സാക്ഷിയായ ചില കാര്യങ്ങൾ എന്റെ പരിമിതമായ ദീനിലെ അറിവുവെച്ചുകൊണ്ടുതന്നെ അനിസ്ലാമികവും 'ഹറാമും' (നിഷിദ്ധം) ആയിരുന്നു. മാതൃകാപരമായ ഇസ്‌ലാമിക ജീവിതമല്ല ജനങ്ങൾ നയിച്ചിതെന്നും ഞാൻ കണ്ടു. അങ്ങനെയൊരു ജീവിതമെനിക്കുമാകാമെന്ന് ഇപ്പോൾ ഞാനറിയുന്നു. (എന്നാൽ, ആകെയുള്ള പ്രശ്നം ഞാനാരെ വിവാഹംകഴിക്കും എന്നതായിരുന്നു!). പക്ഷേ, ഞാൻ പറയട്ടെ, നമസ്കരിക്കുകയും നോമ്പെടുക്കുകയും തലമറക്കുകയുമെല്ലാം ചെയ്തിരുന്നുവെങ്കിലും ഞാനതുവരെ 'ശഹാദത്ത്' ചൊല്ലി മുസ്‌ലിമായിട്ടില്ലായിരുന്നു.

**ഇംഗ്ലണ്ടിൽ ഞാൻ പരിചയപ്പെട്ടവരിൽ നിന്നും തുലോം വ്യത്യസ്തരായ ഈ മുസ്‌ലിംകളുടെ കാഴ്ചയും ഭാവവും എന്നെ ഏറെ വശീകരിച്ചു. കറുത്ത ദേശീയതയിൽ ഇനിയും മുങ്ങിക്കിടക്കുന്ന ഒരാൾക്കെന്ന പോലെ എന്റെ കറുത്ത വ്യക്തിത്വബോധത്തിലും അഭിമാന ചിന്തയിലും ഐക്യപ്പെടുന്നവരായി ഈ മുസ്‌ലിംകളെ ഞാൻ കണ്ടു.**

പശ്ചിമാഫ്രിക്കയിൽനിന്നും ഞാൻ തിരിച്ചുവന്നത് ഒരു വ്യത്യസ്ത സ്ത്രീയായിട്ടാണ് . ഇസ്‌ലാം എനിക്കുള്ളതുതന്നെ എന്നതിൽ സംശയമേതുമില്ലായിരുന്നു. കീഴടങ്ങലിന്റെ, അർപ്പണത്തിന്റെ പ്രക്രിയ ഞാനാരംഭിച്ചിരുന്നു. മടങ്ങിയെത്തി ഏതാനും ആഴ്ചകൾക്കു ശേഷം ഒരു മങ്ങിയ ദിനത്തിൽ സാന്ദ്രയുമൊത്ത് ലണ്ടനിലെ റീജൺസ് പാർക്കിലുള്ള 'സെൻട്രൽ മോസ്ക്കി'ലേക്ക് ഞാൻ പോയി. മാസങ്ങളുടെ അന്വേഷണങ്ങൾക്കും ചോദ്യംചെയ്യലുകൾക്കും ശേഷം അവിടെവെച്ചായിരുന്നുമനസ്സിൽ ദീർഘകാലമായി ഉണ്ടായിരുന്നതിനെ ഞാൻ അംഗീകരിച്ചത്: 'അല്ലാഹുവല്ലാതെ സത്യത്തിൽ ആരാധ്യനായി മറ്റാരുമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.'

ചുരുക്കത്തിൽ, മുസ്‌ലിമാകാനാഗ്രഹിക്കുന്നവരിൽ ഏറ്റവും പുറകിൽ ഞാനായിരുന്നു. തികച്ചും മത-മുക്ത കുടുംബ പശ്ചാത്തലത്തിൽ വളർന്ന ഞാൻ വിനോദം നിറഞ്ഞ, തിരക്കേറിയ ജീവിതം നയിച്ച യുവതിയായിരുന്നു. വിദ്യാഭ്യാസം ലഭിച്ചിരുന്ന, ഭാവിയെക്കുറിച്ച് ആസൂത്രണങ്ങളുണ്ടായിരുന്ന, രാഷ്ട്രീയാവബോധമുള്ള പ്രവർത്തനനിരതയായിരുന്നു. വിശ്വസിച്ചിരുന്നതെന്തോ അതിൽ അഭിനിവേശമുള്ളവളായിരുന്നു. അങ്ങനെ ഇസ്‌ലാം കടന്നുവരികയും എന്റെ ലോകത്തെ തല കീഴ്മറിക്കുകയും ചെയ്തു. അതെന്നെ ചോദ്യം ചെയ്യാനും ഉത്തരമാവശ്യപ്പെടാനും നിരാകരിക്കാനാകാത്തവയെ അംഗീകരിക്കാനും പ്രാപ്തയാക്കി. ഇസ്‌ലാമിൽ നിന്നകന്ന് എന്നോടുതന്നെയൊരു സന്ധിയിലെത്താനുതകുന്ന ഒരു മാർഗവുമില്ലായിരുന്നു. ഇസ്‌ലാം മാത്രമാണ് കേവലസത്യം എന്ന് ബോധ്യപ്പെട്ടതിനാൽ ഞാനത് പൂർണമായംഗീകരിച്ചു.

**(വിവ. അബൂഹംന, കാരത്തൂർ)**


സ്നേഹ സംവാദം മാസിക

വരിസംഖ്യ

| മാസം | ഇന്ത്യയിൽ | വിദേശത്ത് |
|---|---|---|
| 12 | 120 | 420 |
| 6 | 60 | 210 |